2023
NOVEMBER
28
TUESDAY
Special Issue-e Paper
E-mail: societytodaynews@gmail.com

# സൊസൈറ്റി ടുഡേ

OJUSET capsules
ഓജസെറ്റ് ക്യാപ്സൂൾ
SINCE 1995




## സർക്കാർ ആശുപത്രികളുടെ പേരു മാറ്റാൻ കേന്ദ്ര നിർദേശം; ആയുഷ്മാൻ ആരോഗ്യ മന്ദിർ എന്നാക്കണം

**തിരുവനന്തപുരം:** സർക്കാർ ആശുപത്രികളുടെ പേരു മാറ്റാൻ നിർദേശവുമായി കേന്ദ്രം. ആയുഷ്മാൻ ഭാരത് ഹെൽത്ത് ആൻഡ് വെൽനെസ് സെന്ററുകളുടെ പേര് ആയുഷ്മാൻ ആരോഗ്യ മന്ദിർ എന്നാക്കി മാറ്റണമെന്നാണ് നിർദേശം. സംസ്ഥാന ആരോഗ്യകേന്ദ്രങ്ങൾ (എസ്എച്ച്സി), പ്രാഥമിക ആരോഗ്യകേന്ദ്രം (പിഎച്ച്സി), അർബൻ പ്രൈമറി ഹെൽത്ത് സെന്റർ (യുപിഎച്ച്സി), അർബൻ ഹെൽത്ത് ആൻഡ് വെൽനെസ് സെന്റേഴ്സ് (യുഎച്ച് ഡബ്യൂസി) തുടങ്ങിവയുടെ പേര് മാറ്റാനാണ് നിർദേശം.

സർക്കാർ ഇക്കാര്യം ചർച്ച ചെയ്തിട്ടില്ല. ഏതൊക്കെ ആശുപത്രികളുടെ പേരാണ് മറ്റേണ്ടത് എന്നതു സംബന്ധിച്ച് വ്യക്തതയില്ല. ചർച്ച ചെയ്തശേഷം തുടർനടപടികൾ സ്വീകരിക്കും.

ആയുഷ്മാൻ ആരോഗ്യമന്ദിർ എന്ന പേര് വയ്ക്കുന്നതിനൊപ്പം ആരോഗ്യം പരമം ധനം എന്ന ടാഗ് ലൈനും ഉൾപ്പെടുത്തണം. ഇംഗ്ലീഷിലും ഹിന്ദിയിലുമാണ് പേര് രേഖപ്പെടുത്തേണ്ടത്. നിലവിലെ ബോർഡുകളിലുള്ള നാഷനൽ ഹെൽത്ത് മിഷന്റെ ലോഗോയും മറ്റു ലോഗോകളും ഉൾപ്പെടുത്തണം. വാടക കെട്ടിടങ്ങളിലാണ് ആരോഗ്യ കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നതെങ്കിൽ ഇതേ കാര്യങ്ങൾ ഉൾപ്പെടുത്തി ഫ്ലക്സ് ബോർഡുകൾ വയ്ക്കണം.

പേരുകൾ മാറ്റുന്നതിന് 3000 രൂപയാണ് അനുവദിക്കുന്നത്. പേര് മാറ്റംവരുത്തിയ ആരോഗ്യ കേന്ദ്രങ്ങളുടെ ഫോട്ടോ ആയുഷ്മാൻ ഭാരത് സൈറ്റിൽ അപ്‌ലോഡ് ചെയ്യണം. ഡിസംബർ 31നകം ഈ നിർദേശങ്ങൾ നടപ്പിലാക്കണമെന്നും നാഷനൽ ഹെൽത്ത് മിഷൻ ഡയറക്ടർ അയച്ച കത്തിൽ വ്യക്തമാക്കുന്നു.

## വ്യക്തിഗത വായ്പകൾ: ആശങ്കയോടെ ബാങ്കിങ് മേഖല



**കൊച്ചി:** സാമ്പത്തിക മേഖലയിലെ ഉണർവിൽ വ്യക്തിഗത വായ്പകളുടെ വിതരണം കുത്തനെ കൂടുന്നതിനാൽ ബാങ്കിങ് മേഖല പ്രതിസന്ധി നേരിട്ടേക്കുമെന്ന ആശങ്ക ശക്തമാകുന്നു. മുൻപൊരിക്കലുമില്ലാത്ത തരത്തിലാണ് നിലവിൽ ബാങ്കുകളും ധനകാര്യ സ്ഥാപനങ്ങളും വ്യക്തിഗത വായ്പകൾ വിതരണം ചെയ്യുന്നത്. കഴിഞ്ഞ മൂന്ന് വർഷക്കാലയളവിൽ വ്യക്തിഗത വായ്പാ വിതരണം മൂന്ന് ഇരട്ടി വർധിച്ച് 51.7 ലക്ഷം കോടി രൂപയിലെത്തി. മാർച്ച് 31ന് അവസാനിച്ച സാമ്പത്തിക വർഷത്തിൽ രാജ്യത്തെ മൊത്തം വായ്പകളുടെ 30 ശതമാനത്തിന് മുകളിലാണ് പേഴ്സണൽ വായ്പകളുടെ വിഹിതം. 2017 മാർച്ചിൽ വ്യക്തിഗത വായ്പകളുടെ വിഹിതം 21.5 ശതമാനമായിരുന്നു.

തിരിച്ചടവ് മുടങ്ങിയാൽ പണം തിരികെ ലഭിക്കാൻ സാധ്യത കുറവുള്ളതാണ് വ്യക്തിഗത വായ്പകളെന്നതിനാൽ ബാങ്കുകൾക്ക് വലിയ വെല്ലുവിളിയാണ് പുതിയ സാഹചര്യം സൃഷ്ടിക്കുന്നതെന്ന് ഈ രംഗത്തുള്ളവർ പറയുന്നു. ലളിതവും ഉദാരവുമായ നടപടി ക്രമങ്ങളിലൂടെ അതിവേഗം നൽകാൻ കഴിയുന്നതിനാൽ വ്യക്തിഗത വായ്പകൾ ധനകാര്യ സ്ഥാപനങ്ങൾക്കും ഉപയോക്താക്കൾക്കും ഒരുപോലെ പ്രിയപ്പെട്ടതാണ്. തിരിച്ചടവ് മുടങ്ങാനുള്ള സാധ്യത അധികമായതിനാൽ ബാങ്കുകളും ധനകാര്യ സ്ഥാപനങ്ങളും പേഴ്സണൽ വായ്പകൾക്ക് 15 മുതൽ 35 ശതമാനം വരെ പലിശയാണ് ഈടാക്കുന്നത്. അതിനാലാണ് ബാങ്കുകൾ വ്യക്തിഗത വായ്പാ വിതരണത്തിന് കൂടുതൽ പ്രാമുഖ്യം നൽകുന്നത്. ഭവന, വാഹന, സ്വർണപ്പണയ വായ്പകൾക്ക് ബാങ്കുകൾ മതിയായ ഈട് വാങ്ങുന്നതിനാൽ തിരിച്ചടവ് മുടങ്ങിയാലും ബാങ്കിന് ഒരു പരിധി വരെ പണം തിരികെ വാങ്ങാനാകും. എന്നാൽ പേഴ്സണൽ വായ്പകളേറെയും ഈടില്ലാത്ത വായ്പകളാണ്.

കൺസ്യൂമർ ഉത്പന്നങ്ങളുടെ ഹയർ പർച്ചേസിനും മറ്റ് ആവശ്യങ്ങൾക്കുമാണ് പ്രധാനമായും വ്യക്തിഗത വായ്പകൾ ധനകാര്യ സ്ഥാപനങ്ങൾ നൽകുന്നത്. ഫിൻടെക്ക് കമ്പനികളുടെയും ഇൻസ്റ്റന്റ് ഡിജിറ്റൽ വായ്പകളുടെയും വരവോടെ ഈ മേഖലയിൽ അസാധാരണമായ വളർച്ചയാണ് ദൃശ്യമാകുന്നതെന്ന് റിസർവ് ബാങ്ക് വൃത്തങ്ങൾ പറയുന്നു.

പ്രമുഖ ബാങ്കുകളുടെ വ്യക്തിഗത വായ്പാ പോർട്ട്ഫോളിയോയിൽ 85 ശതമാനം വരെ ഒരു ലക്ഷം രൂപയ്ക്ക് താഴെയുള്ള ചെറു വായ്പകളാണെന്ന് റിസർവ് ബാങ്കിൻറെ കണക്കുകൾ സൂചിപ്പിക്കുന്നത്.

## തൊഴിലാളികളിലേക്കെത്താൻ 10 മീറ്റർ കൂടി; തുരങ്കത്തിൽ കുടുങ്ങിയവരെ ഇന്നു രക്ഷിക്കാമെന്ന് പ്രതീക്ഷ

**ഉത്തരകാശി:** തുടർച്ചയായുള്ള തിരിച്ചടികൾ പിന്നിട്ട് സിൽക്യാര തുരങ്കത്തിലെ രക്ഷാദൗത്യത്തിൽ പ്രതീക്ഷാനിർഭരമായ പുരോഗതി. തുരങ്കത്തിലുള്ള 41 തൊഴിലാളികളുടെ സമീപത്തേക്ക് രക്ഷാകുഴൽ തള്ളി നീക്കുന്ന ജോലി ഇന്നലെ വൈകിട്ട് 4.30ന് പുനരാരംഭിച്ചു. രണ്ടര മണിക്കൂർ കൊണ്ട് ഇത് ഒരു മീറ്റർ മുന്നോട്ടുനീങ്ങി. ഇതേ വേഗത്തിൽ നീങ്ങിയാൽ തൊഴിലാളികളെ രക്ഷിക്കാൻ കഴിയും. ഇടിഞ്ഞ ടണലിന്റെ അവശിഷ്ടങ്ങൾക്കിടയിലൂടെ തൊഴിലാളികളുടെ സമീപം വരെ ആകെ 10 മീറ്ററാണ് കുഴൽ നീക്കേണ്ടത്. വിശ്രമമില്ലാതെ ദൗത്യസംഘം ശ്രമം തുടരുകയാണ്.



കുഴലിൽ വെള്ളിയാഴ്ച കുടുങ്ങിയ ഡ്രില്ലിങ് യന്ത്രം ഇന്നലെ രാവിലെ പുറത്തെടുക്കാൻ സാധിച്ചതാണ് ദൗത്യത്തിനു പുതുജീവനേകിയത്. പിന്നാലെ കുഴലിലൂടെ നിരങ്ങിനീങ്ങിയ രക്ഷാപ്രവർത്തകർ തുരങ്കത്തിൽ അടിഞ്ഞ അവശിഷ്ടങ്ങൾക്കിടയിലെ ഇരുമ്പും സ്റ്റീൽ പാളികളും ഗ്യാസ് കട്ടർ ഉപയോഗിച്ചു നീക്കം ചെയ്യാൻ തുടങ്ങി. മണിക്കൂറുകൾ അധ്വാനിച്ച് ഏതാനും ഭാഗത്തെ അവശിഷ്ടങ്ങൾ നീക്കിയ ശേഷം ഇവർ പുറത്തിറങ്ങി. തുടർന്ന്, പുറത്തുള്ള യന്ത്രത്തിന്റെ സഹായത്തോടെ അതിശക്തമായി കുഴൽ അകത്തേക്കു തള്ളി. വീണ്ടും രക്ഷാപ്രവർത്തകർ നുഴഞ്ഞു കയറി അവശിഷ്ടങ്ങൾ നീക്കി. ഈ രീതിയിൽ ഇഞ്ചിഞ്ചായാണ് കുഴൽ മുന്നോട്ടു നീക്കുന്നത്.

80 സെന്റിമീറ്റർ വ്യാസമുള്ള കുഴലിൽ ഞെരുങ്ങിയിരുന്നാണ് രക്ഷാപ്രവർത്തകർ അവശിഷ്ടങ്ങൾ നീക്കുന്നത്. ചുരുങ്ങിയ സ്ഥലത്തിരുന്ന് അവശിഷ്ടങ്ങൾ നീക്കി ചെറു ദ്വാരങ്ങളുണ്ടാക്കാൻ വൈദഗ്ധ്യമുള്ള റാറ്റ് മൈനേഴ്സ് ആണിവർ. കൂടുതൽ തടസ്സങ്ങളുണ്ടായില്ലെങ്കിൽ കുഴൽ സുഗമമായി തൊഴിലാളികളിലേക്കെത്തിക്കാം. അതുവഴി അവരെ പുറത്തു കൊണ്ടുവരാം. മലയുടെ മുകളിൽനിന്ന് താഴേക്കു കുഴിച്ചിറങ്ങാനുള്ള ശ്രമം തുടരുകയാണ്. ആകെയുള്ള 86 മീറ്ററിൽ ഇതുവരെ 50 മീറ്റർ കുഴിച്ചു. തുരങ്കത്തിലൂടെ കുഴൽ കടത്താനുള്ള ശ്രമം പരാജയപ്പെട്ടാൽ ഈ വഴിയിലൂടെ തൊഴിലാളികളിലേക്ക് എത്തുകയാണ് ലക്ഷ്യം.



## പഠന വൈകല്യ നിർണ്ണയ ക്യാംപ്; രജിസ്ട്രേഷൻ നവംബർ 30 വരെ

**കൊച്ചി:** കുട്ടികളിലെ പഠന വൈകല്യം കണ്ടെത്തുന്നതിനായി എറണാകുളം പനമ്പിള്ളി നഗറിൽ പ്രവർത്തിക്കുന്ന ചൈൽഡ് കെയർ സെന്ററിൽ ഡിസംബർ രണ്ടിന് പഠന വൈകല്യ നിർണ്ണയ ക്യാംപ് സംഘടിപ്പിക്കും.കുട്ടികളിലെ കേൾവിക്കുറവ്, സംസാരവൈകല്യം, വിക്ക്, ഉച്ചാരണ വൈകല്യം, ശ്രദ്ധക്കുറവ് എന്നിവ സംബന്ധിച്ച പരിശോധനയും, നവജാത ശിശുക്കൾക്കുള്ള കേൾവി പരിശോധനയും ക്യാംപിൽ ഉണ്ടായിരിക്കുമെന്ന് ചൈൽഡ് കെയർ സെന്റർ എക്സിക്യൂട്ടീവ് ഡയറക്ടർ ഡോ.എബ്രാഹം കെ.പോൾ അറിയിച്ചു. ക്യാംപിൽ പങ്കെടുക്കുന്നതിനായി നവംബർ 30 നു മുമ്പായി പേരുകൾ രജിസ്റ്റർ ചെയ്യണം. വിശദ വിവരങ്ങൾക്കും രജിസ്ട്രേഷനുമായി 0484-7961167, 9895705080 എന്നീ നമ്പറുകളിൽ ബന്ധപ്പെടണം.

## മുത്തൂറ്റ് സ്നേഹസമ്മാനം 2024 പദ്ധതിക്ക് അപേക്ഷ ക്ഷണിച്ച് മുത്തൂറ്റ് ഫിനാൻസ്

**കൊച്ചി:** ഇന്ത്യയിലെ പ്രമുഖ ഗോൾഡ് ലോൺ എൻബിഎഫ്സിയായ മുത്തൂറ്റ് ഫിനാൻസ് ലിമിറ്റഡ് കേരളത്തിലെ ക്ഷേത്ര കലാരൂപങ്ങളുമായി ബന്ധപ്പെട്ട സമുന്നതരായ കലാകാരന്മാരിൽ നിന്ന് മുത്തൂറ്റ് സ്നേഹസമ്മാനം പദ്ധതിക്കായി അപേക്ഷ ക്ഷണിക്കുന്നു. ഉപജീവനമാർഗത്തിന് സാമ്പത്തിക ബുദ്ധിമുട്ട് അനുഭവിക്കുന്ന ആദരണീയരായ കലാകാരന്മാർക്ക് പ്രതിമാസ സാമ്പത്തിക സഹായം നൽകുന്നതിന് 2014ൽ ആരംഭിച്ച ഒരു സിഎസ്ആർ പദ്ധതിയാണിത്.

മുത്തൂറ്റ് സ്നേഹസമ്മാനത്തിൻറെ ഭാഗമായി മുൻപ് കലാരംഗത്ത് പ്രശോഭിച്ചിരുന്നവരും ഇന്ന് സാമ്പത്തികമായി ബുദ്ധിമുട്ട് അനുഭവിക്കുന്നവരുമായുള്ള മുതിർന്ന കലാകാരന്മാരെ പിന്തുണയ്ക്കാനും ആവശ്യമായ സഹായം നൽകാനും മുത്തൂറ്റ് ഫിനാൻസ് ലക്ഷ്യമിടുന്നു. കഥകളി, താളവാദ്യം (ചെണ്ട), മൃദംഗം, സരസ്വതി വീണ, തൻപുര, നാഗസ്വരം, ഇടയ്ക്ക, മിഴാവ്, തിമില, പഞ്ചവാദ്യം, ചേങ്ങില, ഇലത്താളം, കൊമ്പ്, ഓടക്കുഴൽ തുടങ്ങിയ കേരളത്തിലെ ക്ഷേത്രകലാരൂപങ്ങളുമായി ബന്ധപ്പെട്ട വിവിധ കലാകാരന്മാർക്ക് കമ്പനി സാമ്പത്തിക സഹായം ലഭ്യമാക്കുകയും ചെയ്യും. സ്നേഹസമ്മാനം പദ്ധതി കൂടാതെ ചികിത്സ സഹായം ആവശ്യമുള്ള കലാകാരന്മാർക്കായി പത്തനംതിട്ടയിലോ കോഴഞ്ചേരിയിലോ ഉള്ള ആശുപത്രികളിൽ സൗജന്യമായോ, ചെലവുകുറഞ്ഞ രീതിയിലോ ആയ ആരോഗ്യ പരിശോധനകളും ചികിത്സാ സൗകര്യങ്ങളും കമ്പനി ലഭ്യമാക്കുകയും ചെയ്യും.

ലഭിച്ച അപേക്ഷകളുടെയും കലാകാരന്മാരുടെ ആവശ്യകതയുടെയും അടിസ്ഥാനത്തിൽ സൂക്ഷ്മമായി വിലയിരുത്തിയതിനു ശേഷം മുത്തൂറ്റ് ഫിനാൻസ് പ്രതിമാസ ഗ്രാൻറിൻറെ തുക നിശ്ചയിക്കും.

മുത്തൂറ്റ് ഫിനാൻസ് മാനേജിംഗ് ഡയറക്ടറെ അഭിസംബോധന ചെയ്ത് ഒരു അഭ്യർത്ഥന കത്ത്, അതാത് മേഖലയിലെ ഒരു വിദഗ്ധനിൽ നിന്നുള്ള ശുപാർശ കത്ത്, റേഷൻ കാർഡിൻറെയും ആധാർ കാർഡിൻറെയും പകർപ്പ്, വരുമാന സർട്ടിഫിക്കറ്റ്, വിശദമായ ബയോഡാറ്റ, ലഭിച്ച അവാർഡുകളുടെയും അംഗീകാരങ്ങളുടെയും വിവരങ്ങൾ തുടങ്ങി എല്ലാ രേഖകളും സഹിതം അപേക്ഷ സമർപ്പിച്ചുകൊണ്ട് യോഗ്യരായ കലാകാരന്മാർക്ക് ഈ ഗ്രാൻറുകൾ പ്രയോജനപ്പെടുത്താം. അപേക്ഷാ കവറിൽ 'മുത്തൂറ്റ് സ്നേഹസമ്മാനത്തിനുള്ള അപേക്ഷ' എന്ന് വ്യക്തമായി രേഖപ്പെടുത്തി അപേക്ഷ 2023 ഡിസംബർ 20ന് വൈകുന്നേരം 5:30ന് മുമ്പായി കോർപ്പറേറ്റ് കമ്മ്യൂണിക്കേഷൻസ് ഡിപ്പാർട്ട്മെൻറ്, മുത്തൂറ്റ് ഫിനാൻസ് ലിമിറ്റഡ്, മുത്തൂറ്റ് ചേമ്പേഴ്സ്, രണ്ടാം നില, ബാനർജി റോഡ്, സരിത തിയേറ്റർ എതിർവശം, എറണാകുളം, കേരളം 682018 വിലാസത്തിൽ സമർപ്പിക്കണം. കൂടുതൽ വിവരങ്ങൾക്ക് 04846690386 എന്ന നമ്പറിൽ ബന്ധപ്പെടുക.

## വോട്ടർ പട്ടികയിൽ പേര് ചേർക്കാം: സ്പെഷൽ ക്യാമ്പ് രണ്ട്, മൂന്ന് തിയതികളിൽ

**തിരുവനന്തപുരം:** സ്പെഷൽ സമ്മറി റിവിഷൻറെ (എസ്എസ്ആർ 2024) ഭാഗമായി യോഗ്യരായ എല്ലാ പൗരൻമാർക്കും വോട്ടർ പട്ടികയിൽ പേര് ചേർക്കാൻ സ്പെഷൽ ക്യാമ്പ് സംഘടിപ്പിക്കുന്നു.ഡിസംബർ രണ്ട്, മൂന്ന് തീയതികളിൽ നടക്കുന്ന സ്പെഷൽ ക്യാമ്പിലൂടെ ജില്ലയിലെ എല്ലാ താലൂക്ക്, വില്ലേജ് ഓഫീസുകളിലും ഇതിനായി സൗകര്യമൊരുക്കിയിട്ടുണ്ട്.

പതിനേഴോ അതിന് മുകളിലോ വയസ് പൂർത്തിയായ എല്ലാ പൗരന്മാർക്കും വോട്ടർ പട്ടികയിൽ പേര് ചേർക്കാൻ സാധിക്കുമെന്നതിനാൽ, ഈ അവസരം പ്രയോജനപ്പെടുത്തണമെന്ന് ജില്ലാ തെരഞ്ഞെടുപ്പ് ഓഫീസർ കൂടിയായ ജില്ലാ കളക്ടർ ജെറോമിക് ജോർജ് അറിയിച്ചു.

# വികസിത ഭാരത് സങ്കൽപ്പ് യാത്രയ്ക്ക് കണ്ണൂർ ജില്ലയിൽ തുടക്കമായി

**കണ്ണൂർ :** കേന്ദ്ര ഗവൺമെൻറിന്റെ വികസന ക്ഷേമ പദ്ധതികൾ സമൂഹത്തിന്റെ വിവിധ തലങ്ങളിൽ പരിചയപ്പെടുത്തുക എന്ന ലക്ഷ്യത്തോടെ സംഘടിപ്പിക്കുന്ന വികസിത ഭാരത് സങ്കല്പ് യാത്രയ്ക്ക് ജില്ലയിൽ തുടക്കമായി. ചെറുപുഴയിൽ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് കെ.എഫ്. അലക്സാണ്ടർ ഉദ്ഘാടനം ചെയ്തു.ജില്ലയിലെ എഴുപത്തൊന്ന് ഗ്രാമ പഞ്ചായത്തുകളിലും ഒരു കേന്ദ്രത്തിൽ വീതം വികസിത ഭാരത സങ്കല്പ യാത്ര പ്രചാരണം നടത്തും.




കാർഷിക മേഖലയിൽ നവീന സാങ്കേതിക വിദ്യകൾ പ്രയോജനപ്പെടുത്തുന്നതിന്റെ ഭാഗമായി കർഷകർ ക്കായി വികസിപ്പിച്ച പ്രത്യേക ഡ്രോൺ പ്രദർശിപ്പിച്ചു. കാർഷിക രംഗത്ത് ജൈവ രീതികൾ അനുവർത്തി ക്കേണ്ടതിന്റെ ആവശ്യകത കർഷക രെ ബോധ്യപ്പെടുത്തുന്നതിന് ക്ലാസ് നടത്തി.

പ്രധാനമന്ത്രി ഉജ്വല യോജന ഗുണഭോക്താക്കൾക്ക് സൗജന്യ ഗ്യാസ് കണക് ഷൻ ചടങ്ങിൽ വിതരണം ചെയ്തു. ജനസുരക്ഷ ക്യാമ്പിലൂടെ പുതിയ അക്കൗണ്ടുകൾ തുറക്കുന്നതിനും നടപടികളെടുത്തു.

വിവിധ പദ്ധതികളുടെ ഗുണഭോക്താക്കൾ അനുഭവങ്ങൾ പങ്കു വച്ചു.പെരിങ്ങോം അഗ്നി രക്ഷാ നിലയത്തിലെ ഫയർ റെസ്ക്യു ഓഫീസർ ലിജു ഫയർ സേഫ്ടി സംബന്ധിച്ച ക്ലാസും പ്രദർശനവും നടത്തി.

ബാങ്കിങ് സേവനങ്ങൾ സംബന്ധിച്ച ക്ലാസും ചടങ്ങിൽ സംഘടിപ്പിച്ചു.

ജനക്ഷേമ പദ്ധതികളെ ക്കുറിച്ച് വിവര വിനിമയത്തിന് പ്രത്യേകം സജ്ജീകരിച്ച വിവര വിദ്യാഭ്യാസ വിനിമയ വാഹനം വൈകാതെ ജില്ലയിലെത്തും.

ലീഡ് ഡിസ്ട്രിക്ട് മാനേജർ ഇ. പ്രശാന്ത്, കനറാ ബാങ്ക് എ ജി എം രാജേഷ് എ.യു, പയ്യന്നൂർ ബ്ലോക്ക് തല ബാങ്കേഴ്സ് കമ്മിറ്റി കൺവീനർ അൽബിൻ ജേക്കബ് തുടങ്ങിയവർ ഉദ്ഘാടന ചടങ്ങിൽ പങ്കെടുത്തു.ഉച്ചയ്ക്കുശേഷം പെരിങ്ങോം

വയക്കര പഞ്ചായത്തിലെ പ്രചാരണ പരിപാടി പഞ്ചായത്ത് പ്രസിഡൻറ് വി.എം ഉണ്ണിക്കൃഷ്ണൻ ഉദ്ഘാടനം ചെയ്തു.

2047 ഓടെ രാജ്യത്തെ വികസിതവും സ്വയംപര്യാപ്തവുമാക്കുക എന്ന വികസിത ഭാരത് പ്രതിജ്ഞ എല്ലാ കേന്ദ്രങ്ങളിലും എടുക്കുന്നുണ്ട്.

കാങ്കോൽ ആലപ്പടമ്പ, കരിവെള്ളൂർ പെരളം പഞ്ചായത്തുകളിൽ ഇന്ന് പ്രചാരണ പരിപാടി നടക്കും.


# വികസിത ഭാരത് സങ്കൽപ്പ് യാത്ര കാസർകോട്ടും

**കാസർകോഡ്:** വികസിത് ഭാരത് സങ്കൽപ്പ് യാത്രക്ക് കാസറഗോഡ് പെരിയയിൽ തുടക്കമായി. കാസർഗോഡ് ജില്ല സബ് കളക്ടർ സുഫിയാൻ അഹമ്മദ് ഉദ്ഘാടനം ചെയ്തു. പ്രധാനമന്ത്രി ഉജ്ജ്വല യോജനയിൽ പെടുത്തി ഗുണഭോക്താക്കൾക്ക് പുതിയ ഗ്യാസ് കണക്ഷൻ ചടങ്ങിൽ വിതരണം ചെയ്തു.




കാർഷിക മേഖലയിൽ നവീന സാങ്കേതിക വിദ്യകൾ പ്രയോജനപ്പെടുത്തുന്നതിന്റെ ഭാഗമായി കർഷകർ ക്കായി എഫ്.എ.സി.ടി യുടെ നേതൃത്വത്തിൽ ഡ്രോൺ പ്രദർശനവും നടത്തി.റിട്ട സുബേദാർ മേജർ ഗംഗാധരൻ, കർഷകശ്രീ പുരസ്കാരീ നേടിയ ഹരിദാസ് പെരിയക്കാരൻ, മാതൃകാ കർഷകൻ ബാലകൃഷ്ണൻ ആയമ്പാറ എന്നിവരെ ചടങ്ങിൽ ആദരിച്ചു.

പഞ്ചായത്ത് വൈസ് പ്രസിഡന്റ് കാർത്യായിനി, പഞ്ചായത്ത് വാർഡ് മെമ്പർമാരായ രാമകൃഷ്ണൻ നായർ, സുമ കുഞ്ഞികൃഷ്ണൻ, ബ്ലോക് പഞ്ചായത്ത് മെമ്പർ അഡ്വ ബാബുരാജ്, ലീഡ് ഡിസ്ട്രിക്ട് മാനേജർ ബിമൽ എൻ വി, ഡോ ബെഞ്ചമിൻ (കൃഷി വിഗ്യാൻ കേന്ദ്ര) തുടങ്ങിയവർ ഉദ്ഘാടന ചടങ്ങിൽ പങ്കെടുത്തു. സി.പി.സി.ആർ.ഐ. സയന്റിസ്റ്റ് ഡോ മുരളീധരൻ, എഫ്.എ.സി.ടി, പ്രതിനിധി ആദിത്യ, ജന ഔഷദി സീനിയർ ഫാർമസിസ്റ്റ് കൃഷ്ണ വർമ, അഖിൽ (തപാൽ വകുപ്പ്), ലിൻസി കെ പി എന്നിവർ വിവിധ വിഷയങ്ങളെ പറ്റി ക്ലാസ് എടുത്തു. 2047 ഓടെ രാജ്യത്തെ വികസിതവും സ്വയം പര്യാപ്തവുമാക്കുക എന്ന വികസിത് ഭാരത് പ്രതിജ്ഞ കേരള ബാങ്ക് മാനേജർ ബിനിമോൾ എം എം ചൊല്ലി കൊടുത്തു.ഇന്ന് മാടിക്കൈ , കോടോം ബേളൂർ പഞ്ചായത്തുകളിൽ പ്രചരണ പരിപാടികൾ നടക്കും.




# കാന്താരാ എ ലെജൻഡിന്റെ ടീസറും ഫസ്റ്റ് ലുക്ക് പോസ്റ്ററും റിലീസായി

ലോകവ്യാപകമായി സിനിമാ പ്രേക്ഷകരുടെ പ്രശംസയും ബ്ലോക്ക് ബസ്റ്റർ വിജയവും സ്വന്തമാക്കിയ കാന്താരക്കു ശേഷം റിഷഭ് ഷെട്ടി തിരക്കഥയെഴുതി സംവിധാനം ചെയ്ത് നായകനായെത്തുന്ന കാന്താരാ എ ലെജൻഡ് ചാപ്റ്റർ ഒന്നിന്റെ ഫസ്റ്റ് ലുക്ക് പോസ്റ്ററും ടീസറും റിലീസായി. ഇന്ത്യയിലെ മുൻനിര നിർമ്മാണ കമ്പനിയായ ഹോംബാലെ ഫിലിംസ് ആണ് വൻ ബഡ്ജറ്റിൽ ഒരുങ്ങുന്ന കാന്താര ലെജന്റിന്റെ നിർമ്മാണം നിർവഹിക്കുന്നത്. വിജയ് കിരാഗണ്ടൂർ ആണ് ചിത്രത്തിന്റെ പ്രൊഡ്യൂസർ. പ്രകാശമേ.. പ്രകാശത്തിൽ നിങ്ങൾക്കെല്ലാം ദൃശ്യമാണ് ഇത് പ്രകാശമല്ല, ദർശനമാണ്. ഇനി നടന്നതും മുന്നേ നടന്നതും നിങ്ങൾക്ക് ദൃശ്യമാകും എന്ന് തുടങ്ങുന്ന ടീസറിൽ പുതിയ അവതാരപ്പിറവി തന്നെയാണ് കാന്തരാ എ ലെജണ്ടിലൂടെ പ്രേക്ഷകരിലേക്കെത്തുന്നത്.കേരളത്തിൽ ബ്ലോക്ക്ബസ്റ്റർ വിജയം നേടിയ ചിത്രം കാന്താര പൃഥ്വിരാജ് പ്രൊഡക്ഷൻസ് ആണ് കേരളത്തിൽ എത്തിച്ചത്. ലിസ്റ്റിൻ സ്റ്റീഫന്റെ മാജിക് ഫ്രെയിംസ് ആണ് കാന്താരയുടെ വിതരണം നിർവഹിച്ചത്. കാന്താര എ ലെജൻഡ് കന്നഡ, ഹിന്ദി, തമിഴ്, തെലുങ്ക്, മലയാളം, ബംഗാളി, ഇംഗ്ലീഷ് എന്നീ ഏഴു ഭാഷകളിൽ ആണ് റിലീസ് ചെയ്യുന്നത്. പി ആർ ഓ പ്രതീഷ് ശേഖർ.




# പുള്ളി

സൂഫിയും സുജാതയും ഫെയിം ദേവ് മോഹൻ,മീനാക്ഷി ദിനേശ് എന്നിവരെ പ്രധാന കഥാപാത്രങ്ങളാക്കിഉറുമ്പുകൾ ഉറങ്ങാറില്ല എന്ന ഹിറ്റ് ചിത്രത്തിനു ശേഷം ജിജു അശോകൻ തിരക്കഥയെഴുതി സംവിധാനം ചെയ്യുന്ന പുള്ളി എന്ന ചിത്രത്തിന്റെ ഒഫീഷ്യൽ ടീസർ റീലിസായി.

പൊറിഞ്ചു മറിയം ജോസിൽ നൈല ഉഷയുടെ കുട്ടിക്കാലം അവതരിപ്പിച്ച മീനാക്ഷി ദിനേശ് നായികയാവുന്നു.ഇന്ദ്രൻസ്,കലാഭവൻ ഷാജോൺ,ശ്രീജിത്ത് രവി,സെന്തിൽ കൃഷ്ണ, വിജയകുമാർ സുധി കോപ്പ,ബാലാജി ശർമ്മ,വെട്ടുക്കിളി പ്രകാശ്,രാജേഷ് ശർമ്മ,അബിന ബിനോ,ബിനോയ്,മുഹമ്മദ് ഇരവട്ടൂർ തുടങ്ങിയവരാണ് മറ്റു പ്രമുഖ താരങ്ങൾ.കമലം ഫിലിംസിന്റെ ബാനറിൽ ടി ബി രഘുനാഥൻ നിർമ്മിക്കുന്ന ഈ ചിത്രത്തിന്റെ ഛായാഗ്രഹണം

ബിനു കുര്യൻ നിർവ്വഹിക്കുന്നു.ബി കെ ഹരിനാരായണൻ എഴുതിയ വരികൾക്ക് മനുഷ്യർ(മ്യൂസിക് ബാന്റ് )സംഗീതം പകരുന്നു.

ലോക സിനിമ ചരിത്രത്തിൽ തന്നെ ഒരു സിനിമയ്ക്കു ആദ്യമായി ഒരു മ്യൂസിക് ബാൻഡ് സംഗീത സംവിധാനം ചെയ്യുകയാണ് പുള്ളി എന്ന ചിത്രത്തിലൂടെ.എഡിറ്റർദീപുജോസഫ്. ലൈൻ പ്രൊഡ്യൂസർകെ ജി രമേശ്,കോ പ്രൊഡ്യൂസർലേഖ ഭാട്ടിയ,പ്രൊഡക്ഷൻ കൺട്രോളർബിജു തോമസ്സ്,കലപ്രശാന്ത് മാധവ്,മേക്കപ്പ് അമൽ ചന്ദ്രൻ,വസ്ത്രാലങ്കാരംഅരുൺ മനോഹർ,സ്റ്റിൽസ്ഭവിനീഷ് ഭരതൻ,പരസ്യക്കലസിറോ ക്ലോക്ക്,ചീഫ് അസോസിയേറ്റ് ഡയറക്ടർ അബ്രു സൈമൺ,വിവിൻ രാധാകൃഷ്ണൻ,അസോസിയേറ്റ് ഡയറക്ടർആതിര കൃഷ്ണൻ എ ആർ,അസിസ്റ്റന്റ് ഡയറക്ടർഗൗതം ഗോരോചനം,മുഹമ്മദ് യാസിൻ,സൗണ്ട്ഗണേശ് മാരാർ,ആക്ഷൻവിക്കി മാസ്റ്റർ,ഫിനാൻസ് കൺട്രോളർശ്രീക്കുട്ടൻ ധനേശൻ,പ്രൊജക്റ്റ് കോ ഓർഡിനേറ്റർ

അമൽ പോൾസൺ,പ്രൊഡക്ഷൻ മാനേജർ അമല പോൾസൺ,പ്രൊഡക്ഷൻ എക്സിക്യൂട്ടീവ്വിനോദ് ശേഖർ,വിനോദ് വേണുഗോപാലൻ,പി ആർ ഒഎ എസ് ദിനേശ്.

# താൾ ഡിസംബർ 8 ന് തിയേറ്ററുകളിലേക്ക്

അൻസൺ പോൾ, രാഹുൽ മാധവ്, ആരാധ്യാ ആൻ എന്നിവർ കേന്ദ്ര കഥാപാത്രത്തിലെത്തുന്ന ക്യാംപസ് ത്രില്ലർ ചിത്രം താൾ ഡിസംബർ 8 ന് തിയേറ്ററുകളിലേക്കെത്തും. നവാഗതനായ രാജാസാഗർ സംവിധാനം ചെയ്യുന്ന ചിത്രത്തിന്റെ കഥയും തിരക്കഥയും സംഭാഷണവും ഡോ. ജി.കിഷോർ നിർവഹിക്കുന്നു. ഗ്രേറ്റ് അമേരിക്കൻ ഫിലിംസിന്റെ ബാനറിൽ ക്രിസ് തോപ്പിൽ, മോണിക്ക കമ്പാട്ടി, നിഷീൽ കമ്പാട്ടി എന്നിവരാണ് ചിത്രത്തിന്റെ നിർമ്മാണം. താളിലെ റിലീസായ ബിജിബാൽ ഒരുക്കിയ രണ്ടു ഗാനങ്ങളും യൂട്യൂബിൽ ട്രൻഡിങ് ലിസ്റ്റിൽ ഇടം നേടിയിരുന്നു. രണ്ടു കാലഘട്ടങ്ങളിലെ ഒരു കോളേജിലെ വിശ്വാ, മിത്രൻ എന്നിവരുടെ കഥ പറയുന്ന ചിത്രം താളിൽ ആൻസൺ പോൾ, രാഹുൽ മാധവ്, ആരാധ്യ ആൻ, രഞ്ജി പണിക്കർ, രോഹിണി,ദേവി അജിത്ത്, സിദ്ധാർത്ഥ് ശിവ, നോബി, ശ്രീധന്യ,വിവിയ ശാന്ത്, അരുൺകുമാർ,മറീന മൈക്കിൾ എന്നിവരാണ് പ്രധാന കഥാപാത്രങ്ങളിലെത്തുന്നത്.താളിന്റെ അണിയറപ്രവർത്തകർ ഇവരാണ്. ഛായാഗ്രഹണം :സിനു



സിദ്ധാർത്ഥ്,സംഗീതം: ബിജിബാൽ ലിറിക്സ്: ബി കെ ഹരി നാരായണൻ, രാധാകൃഷ്ണൻ കുന്നുംപുറം, സൗണ്ട് ഡിസൈൻ : കരുൺ പ്രസാദ്, വിസ്താ ഗ്രാഫിക്സ്, വസ്ത്രാലങ്കാരം:അരുൺ മനോഹർ, പ്രൊജക്റ്റ് അഡ്വൈസർ: റെജിൻ രവീന്ദ്രൻ,കല:രഞ്ജിത്ത്കോതേരി, പ്രൊഡക്ഷൻ കൺട്രോളർ: കിച്ചു ഹൃദയ് മല്ല്യ , ഡിസൈൻ: മാമി ജോ, ഡിജിറ്റൽ ക്രൂ: ഗോകുൽ, വിഷ്ണു, പി ആർ ഓ: പ്രതീഷ് ശേഖർ.

# നൊണ

ഇന്ദ്രൻസിനെ പ്രധാന കഥാപാത്രമാക്കി മിസ്റ്റിക്കൽ റോസ് പ്രോഡക്ഷൻസിന്റെ ബാനറിൽ പ്രവാസിയായയജേക്കബ് ഉതുപ്പ് നിർമ്മിച്ച് രാജേഷ് ഇരുളം സംവിധാനം ചെയ്യുന്ന നൊണ എന്ന ചിത്രത്തിന്റെ ഒഫീഷ്യൽ ടീസർ റിലീസായി.ഗോഡ് വിൻ,ബിജു ജയാനന്ദൻ,സതീഷ് കെ കുന്നത്ത്,

പ്രമോദ് വെളിയനാട്,ശ്രീജിത്ത് രവി,ജയൻ തിരുമന,ശിശിര സെബാസ്റ്റ്യൻ,സുധ ബാബു,പ്രേമ വണ്ടൂർ തുടങ്ങിയവരാണ് മറ്റു നടീനടന്മാർ.രചന ഹേമന്ത് കുമാർ, ഛായാഗ്രഹണം പോൾ ബത്തേരി,ഗാനരചന സിബി അമ്പലപ്പുറം,സംഗീതം റെജി ഗോപിനാഥ്,ബിജിഎം അനിൽ മാള, കല സുരേഷ് പുൽപ്പള്ളി, സുനിൽ മേച്ചേന,മേക്കപ്പ് ജിജു കൊടുങ്ങല്ലൂർ,വസ്ത്രാലങ്കാരം വക്കം മഹീൻ,പ്രൊഡക്ഷൻ കൺട്രോളർ സന്തോഷ് കുട്ടീസ്,ചീഫ് അസോസിയേറ്റ് ഡയറക്ടർഎം രമേശ് കുമാർ,സൗണ്ട്ഡിസൈൻഗണേഷ് മാരാർ,സ്റ്റിൽസ്നൗഷാദ് ഹോളിവുഡ്, പി ആർ ഒഎ എസ് ദിനേശ്.






## 75 വർഷത്തെ ഗവേഷണ മികവ്:
# സിഎംഎഫ്ആർഐ കോർപറേറ്റ് മൈ സ്റ്റാമ്പും തപാൽ കവറും പുറത്തിറക്കി

**കൊച്ചി:** എഴുപത്തഞ്ചാം വാർഷികാഘോഷത്തിന്റെ ഭാഗമായി കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനം (സിഎംഎഫ്ആർഐ) കോർപറേറ്റ് മൈ സ്റ്റാമ്പും പ്രത്യേക തപാൽ കവറും പുറത്തിറക്കി. സ്റ്റാമ്പും കവറും കൊച്ചിയിലെ പോസ്റ്റ്മാസ്റ്റർ ജനറൽ സയീദ് റാഷിദ് ഐപിഒഎസ് സിഎംഎഫ്ആർഐ ഡയറക്ടർ ഡോ എ ഗോപാലകൃഷ്ണനു നൽകി പ്രകാശനം ചെയ്തു.

പന്ത്രണ്ട് സ്റ്റാമ്പുകൾ വീതമടങ്ങുന്ന 5000 ഷീറ്റുകളാണ് പുറത്തിറക്കിയത്. 75 വർഷത്തെ ഗവേഷണ മികവ് എന്ന് ആലേഖനം ചെയ്ത സ്റ്റാമ്പിൽ സിഎംഎഫ്ആർഐയുടെ ലോഗോയും കൊച്ചിയിലെ ഓഫീസ് സമുച്ചയത്തിന്റെ ചിത്രവുമാണുള്ളത്. 1947ൽ സ്ഥാപിതമായ സിഎംഎഫ്ആർഐ, സമുദ്രമത്സ്യമാരികൾച്ചർ ഗവേഷണ രംഗത്ത് ലോകത്തിലെ തന്നെ മുൻനിര സ്ഥാപനമാണ്. നിലവിൽ, മണ്ഡപം, തൂത്തുക്കുടി, ചെന്നൈ, വിശാഖപട്ടണം, വെരാവൽ, മുംബൈ, കാർവാർ, മംഗലാപുരം, കോഴിക്കോട്, വിഴിഞ്ഞം, ദിഘ എന്നിവിടങ്ങളിലായി 11 പ്രാദേശിക ഗവേഷണ കേന്ദ്രങ്ങളുണ്ട്. കൂടാതെ, രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ 17 ഫീൽഡ് സെന്ററുകളും രണ്ട് കൃഷി വിജ്ഞാന കേന്ദ്രങ്ങളും സിഎംഎഫ്ആർഐക്ക് ഉണ്ട്. ഇന്ത്യൻ കാർഷിക ഗവേഷണ കൗൺസിലിന് (ഐസിഎആർ) കീഴിലാണ് സിഎംഎഫ്ആർഐ പ്രവർത്തിക്കുന്നത്.

സിഎംഎഫ്ആർഐക്ക് ഇത് അഭിമാന നിമിഷമാണെന്ന് ചടങ്ങിൽ സംസാരിച്ച ഡയറക്ടർ ഡോ എ ഗോപാലകൃഷ്ണൻ പറഞ്ഞു. ഇന്ത്യയിലെ സമുദ്രമത്സ്യബന്ധന മാരികൾച്ചർ ഗവേഷണവികസന പ്രവർത്തനങ്ങൾക്ക് സിഎംഎഫ്ആർഐ നൽകിയ സംഭാവനകളുടെ പ്രതീകമാണ് ഈ ഉദ്യമം. രാജ്യത്തെ 40 ലക്ഷത്തോളം മത്സ്യത്തൊഴിലാളികളുടെ ഉപജീവനമാർഗം മെച്ചപ്പെടുത്തുന്നതിനും സുസ്ഥിര പരിപാലനരീതികളിലൂടെ സമുദ്രമത്സ്യ ഉൽപാദനം കാര്യക്ഷമമാക്കുന്നതടക്കമുള്ള ധാരാളം മേഖലയിൽ സിഎംഎഫ്ആർഐ ഗവേഷണം നടത്തിവരുന്നുണ്ട്.

പോസ്റ്റോഫീസ് സീനിയർ സൂപ്രണ്ട് ശിവദാസൻ പി കെ, സിഎംഎഫ്ആർഐ ചീഫ് അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ ഹരീഷ് നായർ, കംപ്ട്രോളർ പ്രശാന്ത് കുമാർ, മാരികൾച്ചർ വിഭാഗം മേധാവി ഡോ വി വി ആർ സുരേഷ്, ഡോ പ്രതിഭ രോഹിത്, ഡോ ബോബി ഇഗ്നേഷ്യസ്, ഡോ രേഖ ജെ നായർ, ഡോ ഗീത ശശികുമാർ, ഡോ മിറിയം പോൾ ശ്രീറാം, ഡോ എൽദോ വർഗീസ്, സി ജയകാന്തൻ എന്നിവർ ചടങ്ങിൽ പങ്കെടുത്തു.

# രാജ്യവ്യാപകമായി പ്രവർത്തനം വിപുലീകരിക്കാനൊരുങ്ങി ബ്ലൂ ഡാർട്ട്

**മുംബൈ:** ദക്ഷിണേഷ്യയിലെ പ്രീമിയർ എക്സ്പ്രസ് എയർ, സംയോജിത ഗതാഗത, വിതരണ കമ്പനിയായ ബ്ലൂ ഡാർട്ട് എക്സ്പ്രസ് ലിമിറ്റഡ് തങ്ങളുടെ 40ാം വാർഷികം നവംബർ 19ന് ആഘോഷിച്ചു.ആഘോഷങ്ങളുടെ ഭാഗമായി 40 പുതിയ ഫ്രാഞ്ചൈസികൾ ഉദ്ഘാടനം ചെയ്യപ്പെട്ടു. കൂടാതെ, പുതിയ എക്സ്പ്രസ് സെയിൽസ് അസോസിയേറ്റ്സ്, റീജിയണൽ സർവീസ് പങ്കാളികൾ എന്നിവയുടെയും പ്രവർത്തനം ആരംഭിച്ചു.




അതിന്റെ തുടക്കം മുതൽ ബ്ലൂ ഡാർട്ട് ഇന്ത്യയിൽ സമാനതകളില്ലാത്ത ലോജിസ്റ്റിക്സ് സൊല്യൂഷനുകൾ നൽകുന്നതിൽ മുൻപന്തിയിലാണ്. കഴിഞ്ഞ നാല് പതിറ്റാണ്ടുകളായി, മികവ്, നവീകരണം, ഉപഭോക്തൃ സംതൃപ്തി എന്നിവയ്ക്കുള്ള പ്രതിബദ്ധത സ്ഥിരമായി പ്രകടമാക്കിയ കമ്പനി, ലോജിസ്റ്റിക് ലാൻഡ്സ്കേപ്പ് രൂപപ്പെടുത്തുകയും രാജ്യത്തിന്റെ വ്യാപാര ആവാസവ്യവസ്ഥയ്ക്ക് ഗണ്യമായ സംഭാവന നൽകുകയും ചെയ്തു.

കൊൽക്കത്ത, അസൻസോൾ, ഡൽഹി, ആഗ്ര, ഗുരുഗ്രാം, ഹൈദരാബാദ്, ബാംഗ്ലൂർ, ഗാന്ധിനഗർ, കട്നി, നൈൻപൂർ, മുംബൈ, ഔറംഗബാദ്, ഭിവണ്ടി, ഇൻഡോർ തുടങ്ങിയ പ്രധാന നഗരങ്ങളിലെ വിപുലീകരണം രാജ്യത്തുടനീളമുള്ള ബ്ലൂ ഡാർട്ടിന്റെ കണക്റ്റിവിറ്റി ശക്തിപ്പെടുത്തുന്നതിനുള്ള സുപ്രധാന ചുവടുവെപ്പിനെ സൂചിപ്പിക്കുന്നു.

ഈ വിപുലീകരണത്തോടെ, കമ്പനി ഈ വർഷം 100ലധികം പുതിയ സ്റ്റോറുകളുമായി തങ്ങളുടെ ശൃംഖല അതിവേഗം വിപുലീകരിച്ചുകൊണ്ട്, രാജ്യത്തുടനീളമുള്ള 56,000ലധികം സ്ഥലങ്ങളിലേക്ക് ഷിപ്പ് ചെയ്യാൻ ഉപഭോക്താക്കളെ പ്രാപ്തരാക്കുന്നു. ഉഒഘമായി സഹകരിച്ച്,ബ്ലൂ ഡാർട്ടിന് ഇന്ത്യയിലുടനീളമുള്ള 700ലധികം റീട്ടെയിൽ സ്റ്റോറുകളുടെ ഒരു ശൃംഖലയുണ്ട്, ഇത് വിശ്വസനീയവും മികവുറ്റതുമുമായ സേവനം പ്രദാനം ചെയ്യുന്നു.

# ഒഡീസ് വേഡർ ഇലക്ട്രിക് മോട്ടോർബൈക്കിന് ICAT സർട്ടിഫിക്കേഷൻ ലഭിച്ചു

**മുംബൈ:** പ്രമുഖ ഇലക്ട്രിക് ഇരുചക്ര വാഹന നിർമ്മാതാക്കളായ ഒഡീസ് ഇലക്ട്രിക് വെഹിക്കിൾസ് പുറത്തിറക്കുന്ന ഒഡീസ് വേഡർ ഇലക്ട്രിക് മോട്ടോർബൈക്കിന് ഇന്റർനാഷണൽ സെന്റർ ഫോർ ഓട്ടോമോട്ടീവ് ടെക്നോളജി (കഋഅഠ) സർട്ടിഫിക്കേഷൻ ലഭിച്ചു. അകട156 ബാറ്ററി ടെസ്റ്റിംഗ് ഉൾപ്പെടെയുള്ള എല്ലാ ടെസ്റ്റുകളും വിജയിക്കുന്ന വാഹനങ്ങൾക്കാണ് സർട്ടിഫിക്കേഷൻ ലഭിക്കുന്നത്.

കീഠ കണക്റ്റിവിറ്റിയും ഗൂഗിൾ മാപ്പ് നാവിഗേഷൻ അപ്ഡേറ്റുകളും നൽകുന്ന 7 ഇഞ്ച് ആൻഡ്രോയിഡ് ഡിസ്പ്ലേയുമായാണ് ഒഡീസ് ഢഅഉഋഞ എത്തുന്നത്. കജ67 അംഗീകൃത 3000 വാട്ട്സ് ഇലക്ട്രിക് മോട്ടോറാണ് ഇതിന് കരുത്തേകുന്നത്. മണിക്കൂറിൽ 85 കിലോമീറ്റർ വേഗതയും ഒറ്റ ചാർജിന് 125 കിലോമീറ്റർ റേഞ്ചും ലഭിക്കും. 128 കിലോഗ്രാമാണ് ഭാരം. ഇലക്ട്രിക് ബൈക്കിൽ കോമ്പി ബ്രേക്കിംഗ് സിസ്റ്റം (സിബിഎസ്), മുൻവശത്ത് 240 എംഎം ഡിസ്ക് ബ്രേക്ക്, പിന്നിൽ 220 എംഎം ഡിസ്ക് ബ്രേക്ക് എന്നിവ ഉൾപ്പെടുന്നു. ചാർജിംഗ് എളുപ്പത്തിനായി, കമ്പനി അംഗീകരിച്ച എഐഎസ് 156 ഉൾപ്പെടുത്തിയിട്ടുണ്ട്. 4 മണിക്കൂറിനുള്ളിൽ പൂർണ്ണമായി ചാർജ് ചെയ്യാൻ കഴിയുന്ന ലിഥിയംഅയോൺ ബാറ്ററി. അകട156 അംഗീകൃത ബാറ്ററി പായ്ക്ക് താരതമ്യപ്പെടുത്താനാവാത്ത ഫാസ്റ്റ് ചാർജിംഗ് ഉറപ്പാക്കുകയും ദൈനംദിന യാത്രയ്ക്ക് അത് ഉയർന്ന വിശ്വാസ്യതയുള്ളതാക്കുകയും ചെയ്യുന്നു.

വേഡർ അഞ്ചു റേഡിയന്റ് നിറങ്ങളിൽ ഫയർ റെഡ്, വെനം ഗ്രീൻ, മിസ്റ്റി ഗ്രേ, മിഡ്നൈറ്റ് ബ്ലൂ & ഗ്ലോസി ബ്ലാക്ക്, 4 ഡ്രൈവിംഗ് മോഡുകൾ എന്നിവയിൽ ലഭ്യമാണ്. ബൈക്കിന്റെ ഡെലിവറി 2023 ഡിസംബർ 1 മുതൽ ആരംഭിക്കും.

ഒഡീസ് ഇലക്ട്രിക് വെഹിക്കിൾസ് പ്രൈവറ്റ് ലിമിറ്റഡ് സിഇഒ നെമിൻ വോറ പറഞ്ഞു, ഒഡീസ് വേഡറിനുള്ള കഋഅഠ സർട്ടിഫിക്കേഷൻ ഏറ്റവും മികച്ച വൈദ്യുത വാഹനങ്ങൾ വിതരണം ചെയ്യുന്നതിനുള്ള ഞങ്ങളുടെ അചഞ്ചലമായ പ്രതിബദ്ധതയുടെ തെളിവാണ്. അകട156 അംഗീകൃത ബാറ്ററി പായ്ക്ക് ഒഡീസ് വേഡറിനെ വേറിട്ടു നിർത്തുന്നു, ഇത് ഫാസ്റ്റ് ചാർജിംഗ് കഴിവുകൾ മാത്രമല്ല, ശക്തിപ്പെടുത്തുകയും ചെയ്യുന്നു. ദൈനംദിന യാത്രയ്ക്കുള്ള അതിന്റെ വിശ്വാസ്യത. ഈ സർട്ടിഫിക്കേഷൻ ഇലക്ട്രിക് വാഹന വിപണിയിലെ ഞങ്ങളുടെ സ്ഥാനം കൂടുതൽ ശക്തിപ്പെടുത്തുമെന്ന് ഞങ്ങൾ വിശ്വസിക്കുന്നു.

വേഡർ ഇപ്പോൾ കമ്പനിയുടെ ഇന്ത്യയിലെ എല്ലാ ഡീലർഷിപ്പുകളിലും ടെസ്റ്റ് റൈഡുകൾക്കായി ലഭ്യമാണ്. ബൈക്കിന്റെ ബുക്കിംഗ് ഫ്ലിപ്പ്കാർട്ട്, കമ്പനിയുടെ വെബ്സൈറ്റ്, ഡീലർഷിപ്പുകൾ തുടങ്ങിയ വിവിധ പ്ലാറ്റ്ഫോമുകളിൽ നടത്താം.





# മൂല്യബോധമുള്ള തലമുറയെ രൂപപ്പെടുത്താൻ സമൂഹം ജാഗ്രത പുലർത്തണം: സുരേഷ് ഗോപി

**കൊല്ലം:** നേരിൻറേയും നന്മയുടേയും പാതയിലൂടെ സഞ്ചരിക്കുന്ന മൂല്യബോധമുള്ള തലമുറകളെ രൂപപ്പെടുത്താൻ അധ്യാപകരും രക്ഷിതാക്കളും ജാഗ്രത പുലർത്തണമെന്ന് നടൻ സുരേഷ് ഗോപി അഭിപ്രായപ്പെട്ടു. കൊല്ലൂർവിള ഭരണിക്കാവ് പികെപിഎം എൻഎസ്എസ് യു പി സ്കൂളിൽ സുരേഷ് ഗോപി എം പിയുടെ പ്രാദേശിക വികസന ഫണ്ട് വിനിയോഗിച്ച് നിർമിച്ച ഓപ്പൺ എയർ ഓഡിറ്റോറിയത്തിൻറെ ഉദ്ഘാടനം നിർവഹിച്ചു പ്രസംഗിക്കുകയായിരുന്നു അദ്ദേഹം. യോഗത്തിൽ കൊല്ലൂർവിളഎൻഎസ്എസ് കരയോഗം പ്രസിഡൻറ് ജി.ആർ. കൃഷ്ണകുമാർ അധ്യക്ഷത വഹിച്ചു.

60 ലക്ഷം രൂപ ചെലവഴിച്ച് നിർമിച്ച കെ. രാജേന്ദ്രൻ നായർ സ്മാരക ബ്ലോക്കിൻറെ (രണ്ടാം നില ) ഉദ്ഘാടനം വെസ്റ്റേൺ ഇന്ത്യ കാഷ്യൂ കമ്പനി മാനേജിംഗ് ഡയറക്ടർ ഹരികൃഷ്ണൻ കെ. നായർ നിർവഹിച്ചു. എൽ പി വിഭാഗം കുട്ടികളുടെ സചിത്ര രചനാ പുസ്തകത്തിൻറെ പ്രകാശനം കൊല്ലം കോർപറേഷൻ വിദ്യാഭ്യാസ സ്ഥിരം സമതി അധ്യക്ഷ എസ്. സവിതാദേവി നിർവഹിച്ചു. ആദിക്കാട് ഗിരീഷ് ജെ. ഹരികുമാർ, എം എസ് രവികുമാർ, പിടിഎ പ്രസിഡൻറ് ആർ. ഉണ്ണികൃഷ്ണൻ, ഹെഡ്മിസ്ട്രസ് ബി. ആശാ റാണി, സ്റ്റാഫ് സെക്രട്ടറി വിനേഷ് രാജൻഎന്നിവർ പ്രസംഗിച്ചു. മികച്ച രക്ത ദാതാവിനുള്ള പുരസ്ക്കാരം ലഭിച്ച മോൻസിദാസിനെ സുരേഷ് ഗോപി ആദരിച്ചു.



# ശബരി എയർപോർട്ട്; അതിരു കല്ലുകൾ സ്ഥാപിച്ചുതുടങ്ങി

എരുമേലി: എരുമേലി ശബരി വിമാനത്താവളം നിർമാണത്തിന് ഏറ്റെടുക്കുന്ന സ്ഥലങ്ങളുടെ അലൈൻമെൻറ് ജോലികൾ തുടങ്ങി. സ്വകാര്യവ്യക്തികളുടെ 307 ഏക്കറും ബിലിവേഴ്സ് ചർച്ചിൻറെ കൈവശമുള്ള 2300 ഏക്കർ ചെറുവള്ളി എസ്റ്റേറ്റുമാണ് അതിർത്തി നിശ്ചയിച്ച് കല്ലിടുന്നത്. ഈ നടപടിക്കുശേഷമാണ് ഭൂമി തിട്ടപ്പെടുത്തി എയർപോർട്ട് നിർമാണം സംബന്ധിച്ച സർക്കാർ നോട്ടിഫിക്കേഷൻ പുറപ്പെടുവിക്കുന്നത്.

പിന്നീട് ഏറ്റെടുക്കേണ്ട സ്ഥലം റവന്യൂ വകുപ്പ് അളന്ന് നഷ്ടപരിഹാരം നിശ്ചയിക്കും. സ്ഥലം ഉടമകളുമായി ചർച്ച നടത്തി പ്രത്യേക പാക്കേജിൻറെ അടിസ്ഥാനത്തിലായിരിക്കും നടപടി. ബിലീവേഴ്സ് ചർച്ചിൻറെ ചെറുവള്ളി എസ്റ്റേറ്റ് മൊത്തമായി ഏറ്റെടുക്കും. എന്നാൽ റൺവേ നിർമിക്കാൻ ആവശ്യമായ സ്ഥലം മാത്രമേ സ്വകാര്യ വ്യക്തികളിൽനിന്ന് ഏറ്റെടുക്കൂ.

307 ഏക്കർ എസ്റ്റേറ്റിന് പുറത്ത് ആവശ്യമായി വരുമെന്നാണ് കരുതിയതെങ്കിലും പരമാവധി 200 ഏക്കറേ വേണ്ടിവരൂ എന്നാണ് നിഗമനം.വിമാനത്താവളം യാഥാർഥ്യമാകുമെന്നതിൻറെ ആദ്യപടിയാണ് ഇപ്പോൾ നടക്കുന്നത്. എരുമേലി തെക്ക്, മണിമല വില്ലേജുകളിലായി 2,560 ഏക്കർ ഭൂമിയിലാണ് വിമാനത്താവളം നിർമിക്കുന്നത്.

എരുമേലി ഓരുങ്കൽ കടവ് പാതയിൽ ചക്കാലയിൽ പറമ്പിലാണ് ഇന്നലെ ആദ്യഭൂമിയുടെ മാർക്കിംഗ് നടത്തിയത്.

മെറിഡിയൻ കൺസൾട്ടൻറ് സർവേ ടീമിനൊപ്പം എയർപോർട്ട് ടെക്നിക്കൽ കമ്മിറ്റിയിലുള്ള റിട്ട. ഡെപ്യൂട്ടി കളക്ടർ അജിത്കുമാർ, കൺസൾട്ടൻറ് പ്രാർഥിപ് ചക്രവർത്തി എന്നിവരും സർവേ നടപടികൾക്ക് നേതൃത്വം നൽകുന്നു.



# നെല്ലിനങ്ങളുടെ പ്രദർശനം തുടങ്ങി

**കാട്ടിക്കുളം:** തിരുനെല്ലി ആദിവാസി സമഗ്ര വികസന പദ്ധതിയുടെ കീഴിൽ അടുമാരിയിൽ പ്രവർത്തിക്കുന്ന ബത്ത ഗുഡ്സെ നെൽവിത്ത് സംരക്ഷണ കേന്ദ്രത്തിൻറെ നേതൃത്വത്തിൽ 250 ഓളം നെല്ലിനങ്ങളുടെ പ്രദർശനം തുടങ്ങി.

സബ് കളക്ടർ ആർ. ശ്രീലക്ഷ്മി ഉദ്ഘാടനം ചെയ്തു. വാർഡ് അംഗം ഉണ്ണികൃഷ്ണൻ അധ്യക്ഷത വഹിച്ചു. കുടുംബശ്രീ എഡിഎംസി റെജീന, തിരുനെല്ലി സിഡിഎസ് ചെയർപേഴ്സൺ പി. സൗമിനി, പ്രോജക്ട് കോ ഓർഡിനേറ്റർ സായി കൃഷ്ണൻ, സിഡിഎസ് എക്സിക്യൂട്ടീവ് ബിന്ദു എന്നിവർ പ്രസംഗിച്ചു.

നാടൻ നെല്ലിനങ്ങളാണ് പ്രദർശിപ്പിക്കുന്നതിൽ അധികവും. ഇതര സംസ്ഥാനങ്ങളിൽനിന്നുള്ള ഇനങ്ങളും പ്രദർശിപ്പിക്കുന്നുണ്ട്. ആദിവാസി സമഗ്ര വികസന പദ്ധതിക്ക് കീഴിലെ ബ്രിഡ്ജ് കോഴ്സ് സെൻററുകളിലെ കുട്ടികളെ നെല്ലിനങ്ങൾ പരിചയപ്പെടുത്താനുമാണ് ബത്ത ഗുഡ്സെ ആരംഭിച്ചത്.

കെ.ആർ. പ്രദീഷ്, ലെനീഷ് എന്നിവരാണ് കൃഷിക്ക് മാർഗനിർദേശം നൽകുന്നത്. മാനന്തവാടി വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂളിലെ എൻഎസ്എസ് വോളണ്ടിയർമാരും വിവിധ ബ്രിഡ്ജ് കോഴ്സ് സെൻററുകളിലെ കുട്ടികളും പ്രദർശനം കാണാനെത്തി. ഡിസംബർ 31 വരെയാണ് പ്രദർശനം.

ന്യൂനമർദം ചുഴലിക്കാറ്റായി ശക്തിപ്രാപിക്കും; വെള്ളിയാഴ്ചയോടെ സംസ്ഥാനത്ത് ഇടിമിന്നലോട് കൂടിയ മഴ



# ന്യൂനമർദം ചുഴലിക്കാറ്റായി ശക്തിപ്രാപിക്കും; വെള്ളിയാഴ്ചയോടെ സംസ്ഥാനത്ത് ഇടിമിന്നലോട് കൂടിയ മഴ

**തിരുവനന്തപുരം:** ന്യൂനമർദം ശക്തിപ്രാപിക്കുന്നതിൻറെ ഭാഗമായി സംസ്ഥാനത്ത് നാലുദിവസം ഇടിമിന്നലോട് കൂടിയ മഴയുണ്ടാകുമെന്ന് കാലാവസ്ഥ നിരീക്ഷണ കേന്ദ്രത്തിൻറെ മുന്നറിയിപ്പ്.

ബംഗാൾ ഉൾക്കടലിൽ രൂപപ്പെട്ട ന്യൂനമർദ്ദം ചുഴലിക്കാറ്റായി മാറാൻ സാധ്യതയുണ്ട്. തെക്കൻ ആൻഡമാൻ കടലിനു മുകളിലായി നില നിന്നിരുന്ന ചക്രവാതച്ചുഴി ശക്തി പ്രാപിച്ചാണ് ന്യൂനമർദ്ദം രൂപപ്പെട്ടത്.

അതിനാൽ ജനങ്ങൾ ജാഗ്രത പാലിക്കണമെന്ന് കാലാവസ്ഥ നിരീക്ഷണകേന്ദ്രം അറിയിച്ചു. ന്യൂനമർദ്ദം പടിഞ്ഞാറു വടക്ക് പടിഞ്ഞാറു ദിശയിൽ സഞ്ചരിച്ച് ബുധനാഴ്ചയോടെ തെക്ക് കിഴക്കൻ ബംഗാൾ ഉൾക്കടലിൽ തീവ്ര ന്യൂനമർദ്ദമായി ശക്തി പ്രാപിക്കാൻ സാധ്യതയുണ്ട്.

തുടർന്ന് വടക്കു പടിഞ്ഞാറു ദിശയിൽ സഞ്ചരിക്കുന്ന തീവ്ര ന്യൂനമർദ്ദം ശക്തിപ്രാപിച്ച് പിന്നീടുള്ള 48 മണിക്കൂറിനുള്ളിൽ ചുഴലിക്കാറ്റായി മാറാൻ സാധ്യതയുണ്ടെന്നും മുന്നറിയിപ്പിൽ പറയുന്നു.

കേരളത്തീരത്തും തെക്കൻ തമിഴ്നാട് തീരത്തും ഇന്ന് രാത്രി 11.30 വരെ 0.5 മുതൽ 1.5 മീറ്റർ വരെ ഉയർന്ന തിരമാലയ്ക്കും കടലാക്രമണത്തിനും സാധ്യതയുള്ളതിനാൽ മത്സ്യത്തൊഴിലാളികളും തീരദേശവാസികളും ജാഗ്രത പുലർത്തണമെന്ന് ദേശീയ സമുദ്രസ്ഥിതിപഠന ഗവേഷണ കേന്ദ്രം അറിയിച്ചു.



# സിയാലിൽ ഫാസ്ടാഗ്, സ്മാർട്ട് പാർക്കിംഗ് സംവിധാനങ്ങൾ ഡിസംബർ ഒന്നു മുതൽ

**കൊച്ചി:** കൊച്ചിൻ അന്താരാഷ്ട്ര വിമാനത്താവള ലിമിറ്റഡിൽ (സിയാൽ) ഫാസ്റ്റാഗ് പ്രവേശനം, ഡിജിറ്റൽ പാർക്കിംഗ് സംവിധാനങ്ങൾ എന്നിവ ഡിസംബർ ഒന്നിന് നിലവിൽ വരും.സമഗ്രമായ ഈ സംവിധാനം, യാത്രക്കാരുടെ വിമാനത്താവളത്തിലേക്കുള്ള പ്രവേശനംപുറത്തുകടക്കൽ പ്രക്രിയ എളുപ്പമാക്കുകയും പാർക്കിംഗ് കൂടുതൽ കാര്യക്ഷമമമാക്കുകയും ചെയ്യുന്നു. എൻട്രി എക്സിറ്റ് കവാടങ്ങളിൽ നിലവിൽ ഒരു വാഹനത്തിന് എടുക്കുന്ന സമയം ശരാശരി 2 മിനിറ്റാണ്. ഇത് 8 സെക്കൻഡ് ആയി കുറയ്ക്കാൻ ഇതിലൂടെ സാധിക്കും. തടസ്സങ്ങളില്ലാത്തതും വേഗത്തിലുള്ളതുമായ പാർക്കിംഗ് പ്രക്രിയ ഉറപ്പാക്കുന്ന രീതിയിലാണ് സ്മാർട്ട് പാർക്കിംഗ് രൂപകൽപ്പന ചെയ്തിരിക്കുന്നത്. നാവിഗേഷൻ സംവിധാനം, പാർക്കിംഗ് സ്ലോട്ട് മുൻകൂട്ടി ബുക്ക് ചെയ്യാനുള്ള സംവിധാനം എന്നിവയും ഒരുക്കിയിട്ടുണ്ട്. വിമാനത്താവളത്തിലേക്കുള്ള റോഡിൽ ടാക്സികളുടെ അനധികൃത പാർക്കിംഗ് സംബന്ധിച്ച് തദ്ദേശ സ്ഥാപനങ്ങളിൽ നിന്നും പോലീസിൽ നിന്നും ദീർഘകാലമായി ലഭിക്കുന്ന പരാതികൾക്ക് പരിഹാരം കാണാനും സിയാൽ ശ്രമിച്ചിട്ടുണ്ട്. ഡിസംബർ ഒന്നു മുതൽ ടാക്സികൾക്ക് ചെറിയ ഫീസ് നൽകി വിമാനത്താവളത്തിനുള്ളിൽ പാർക്ക് ചെയ്യാനാകും. അതോടൊപ്പം, എല്ലാ ടാക്സികൾക്കും പ്രവേശന ഫീസ് ഈടാക്കാനും തീരുമാനിച്ചിട്ടുണ്ട്.

അന്താരാഷ്ട്ര ആഭ്യന്തര ടെർമിനലുകൾക്ക് സമീപം 2800 വാഹനങ്ങൾ പാർക്ക് ചെയ്യാനുള്ള സൗകര്യം ഇപ്പോൾ സിയാലിനുണ്ട്. അതിലേക്കുള്ള പ്രവേശനവും പാർക്കിംഗുമാണ് ഇപ്പോൾ പൂർണ്ണമായും ഫാസ്ടാഗ്, ഡിജിറ്റൽ സംവിധാനത്തിലേക്ക് മാറാൻ പോകുന്നത്.

കാര്യക്ഷമത ഉറപ്പാക്കാൻ പാർക്കിംഗ് മാനേജ്മെന്റ് സിസ്റ്റം (പി.എം.എസ്), കവാടങ്ങളിലും കാർപോർട്ടിനുള്ളിലും സുഗമമായ സഞ്ചാരവും പാർക്കിങ്ങും ഉറപ്പാക്കുന്ന പാർക്കിംഗ് ഗൈഡൻസ് സിസ്റ്റം (പി.ജി.എസ്) , ഓരോ പാർക്കിംഗ് ഇടത്തിലെയും സ്ഥല ലഭ്യത മനസിലാക്കാക്കി പാർക്കിംഗ് എളുപ്പമാക്കുന്ന പാർക്കിംഗ് സ്ലോട്ട് കൗണ്ടിംഗ് സിസ്റ്റം, ദേശീയപാതകളിലെ ടോൾ ഗേറ്റുകളിലേതു പോലെ പണമിടപാടുകൾ സാധ്യമാക്കുന്ന ഫാസ്റ്റാഗ് കൗണ്ടറുകൾ, ഓരോ വാഹനത്തിന്റെയും കൃത്യമായ പ്രവേശന സമയം കണക്കാക്കുന്ന ഓട്ടോമാറ്റിക് നമ്പർ പ്ലേറ്റ് റീഡർ (എ.എൻ.പി.ആർ), ഓട്ടോമാറ്റിക് നമ്പർ തിരിച്ചറിയൽ ക്യാമറകൾ എന്നിവയെല്ലാം ഈ പുതിയ സംവിധാനത്തിന്റെ സവിശേഷതകളാണ്.

കൂടാതെ, ഓട്ടോമാറ്റിക് പേഓൺ ഫൂട്ട് സ്റ്റേഷനുകളിലൂടെ യാത്രക്കാർക്ക് പാർക്കിംഗ് ഫീസ് സ്വയം അടക്കാവുന്നതുമാണ്. മാത്രമല്ല, സിയാൽ മൊബൈൽ ആപ്ലിക്കേഷൻ വഴി യാത്രക്കാർക്ക് പാർക്കിംഗ് സ്ലോട്ടുകൾ ബുക്ക് ചെയ്യാവുന്നതാണ്. യാത്രക്കാർക്ക് സൗകര്യമാകും വിധം അടയാള ബോർഡുകളും സജ്ജീകരിച്ചിട്ടുണ്ട്. ഫാസ്റ്റാഗ് ഇല്ലാത്ത വാഹനങ്ങളെ താത്കാലികമായി കടത്തി വിടാൻ വേണ്ട സൗകര്യങ്ങളും ഏർപ്പെടുത്തിയിട്ടുണ്ട്.

യാത്രക്കാരുടെ സൗകര്യങ്ങൾ വർധിപ്പിക്കാനുള്ള പദ്ധതികൾ ഏറ്റെടുക്കുന്നതിലും നടപ്പിലാക്കുന്നതിലും സിയാൽ എന്നും പ്രത്യേക ശ്രദ്ധ നൽകി വരുന്നുണ്ട്. വിജയകരമായി പ്രവർത്തനം തുടർന്ന് കൊണ്ടിരിക്കുന്ന ഡിജിയാത്രക്ക് ശേഷം, എല്ലാ പാസഞ്ചർ ഇടപെടൽ സ്ഥലങ്ങളിൽ സ്മാർട്ട് ഡിജിറ്റൽ സേവനങ്ങൾ ക്രമീകരിക്കുന്നതിന്റെ ഭാഗമായാണ് ഫാസ്റ്റാഗ്സ്മാർട്ട് പാർക്കിംഗ് സംവിധാനം നടപ്പിലാക്കുന്നത്.

യാത്രക്കാർക്ക് തടസ്സരഹിതമായ പ്രവേശനവും, പുറത്തു കടക്കലും, കൂടാതെ നൂതനമായ പാർക്കിംഗ് സൗകര്യങ്ങളും ഇത് വഴി സാധ്യമാകും, സിയാൽ അധികൃതർ അറിയിച്ചു. സാങ്കേതികതയിലൂന്നിയ നൂതനവും നവീനവുമായ ഒരു വിമാനത്താവള അന്തരീക്ഷം സൃഷ്ടിക്കുക എന്ന സിയാലിന്റെ വികസന ചിന്തയുടെ ഭാഗമായാണ് സ്മാർട്ട് പാർക്കിംഗ് സൗകര്യങ്ങൾ വികസിപ്പിച്ചെടുത്തതെന്നും അധികൃതർ പറഞ്ഞു.

## ഐഎച്ച്സിഎൽ ബേക്കലിൽ പുതിയ ജിഞ്ചർ ഹോട്ടൽ തുറക്കുന്നു

**കൊച്ചി:** ഇന്ത്യയിലെ ഏറ്റവും വലിയ ഹോസ്പിറ്റാലിറ്റി കമ്പനിയായ ഇന്ത്യൻ ഹോട്ടൽസ് കമ്പനി (ഐഎച്ച്സിഎൽ) ബേക്കലിൽ പുതിയ ജിഞ്ചർ ഹോട്ടൽ ആരംഭിക്കുന്നു. ജിഞ്ചർ ബ്രാൻഡിലുള്ള കേരളത്തിലെ ആറാമത്തെ ഹോട്ടലാണിത്. ഈ ഗ്രീൻ ഫീൽഡ് പദ്ധതി 2027ൽ പ്രവർത്തനമാരംഭിക്കും. ഹോട്ടൽ പേൾ ഡ്യൂൺസ് പ്രൈവറ്റ് ലിമിറ്റഡുമായുള്ള സഹകരണത്തിലൂടെയാണ് പുതിയ ഹോട്ടൽ വരുന്നത്.ജിഞ്ചർ ബേക്കൽ കൂടി പ്രവർത്തനമാരംഭിക്കുന്നതോടു കൂടി ഐഎച്ച്സിഎല്ലിൻറെ മൂന്ന് ബ്രാൻഡുകൾക്ക് ബേക്കലിൽ സാന്നിദ്ധ്യമുണ്ടാകുമെന്ന് ഐഎച്ച്സിഎൽ റിയൽ എസ്റ്റേറ്റ് ആൻറ് ഡവലപ്മെൻറ് എക്സിക്യൂട്ടീവ് വൈസ് പ്രസിഡൻറ് സുമ വെങ്കിടേഷ് പറഞ്ഞു. മനോഹരമായ പ്രകൃതിദൃശ്യങ്ങളുള്ള ബേക്കൽ കേരളത്തിലെ പ്രധാന വിനോദസഞ്ചാര കേന്ദ്രമാണ്. വളർന്നുവരുന്ന ഈ വിനോദസഞ്ചാര വിപണിയെ കൂടുതൽ ശക്തിപ്പെടുത്തുന്നതിനാണ് ശ്രമിക്കുന്നതെന്നും സുമ വെങ്കിടേഷ് പറഞ്ഞു.

മംഗലാപുരം അന്താരാഷ്ട്ര വിമാനത്താവളത്തിനും പ്രധാന വിനോദസഞ്ചാര കേന്ദ്രങ്ങൾക്കും അടുത്തായി സ്റ്റേറ്റ് ഹൈവേയിലാണ് 150 മുറികളുള്ള പുതിയ ജിഞ്ചർ ഹോട്ടൽ വരുന്നത്. വൈവിദ്ധ്യമാർന്ന ആഗോള, പ്രദേശിക വിഭവങ്ങൾ ലഭ്യമാക്കുന്ന ക്യുമിൻ ഓൾഡേ ഡൈനർ, അധിക മീറ്റിംഗ് റൂമുകളുള്ള ബാങ്കറ്റ് ഹാൾ, നീന്തൽക്കുളം, ഫിറ്റ്നസ് സെൻറർ, കുട്ടികളുടെ കളിസ്ഥലം എന്നീ സൗകര്യങ്ങൾ പുതിയ ഹോട്ടലിലുണ്ടാകും.ഐഎച്ച്സിഎല്ലുമായി പങ്കാളിത്തത്തിലുള്ള ഞങ്ങളുടെ മൂന്നാമത്തെ ഹോട്ടൽ പ്രഖ്യാപിക്കുന്നതിൽ സന്തുഷ്ടരാണെന്ന് ഹോട്ടൽ പേൾ ഡ്യൂൺസ് പ്രൈവറ്റ് ലിമിറ്റഡ് എംഡി കെ.എം. അബ്ദുൾ ലത്തീഫ് പറഞ്ഞു. ജിഞ്ചർ ബേക്കൽ അതിൻറെ ഊർജ്ജസ്വലമായ രൂപകൽപ്പനയും ലിഷർ സൗകര്യങ്ങളും വഴി യാത്രക്കാർക്ക് ഒരു പുതിയ അനുഭവം നൽകും നൽകുമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.പുതിയ ഹോട്ടൽ കൂടി വരുന്നതോടെ ഐഎച്ച്സിഎല്ലിന് കേരളത്തിൽ താജ്, സെലക്ഷൻസ്, വിവാന്ത, ജിഞ്ചർ എന്നീ ബ്രാൻഡുകളിലായി 19 ഹോട്ടലുകളുണ്ടാകും. പണി പൂർത്തിയായി വരുന്ന ആറെണ്ണം ഉൾപ്പെടെയാണിത്.

## ഇൻഡെൽ മണിക്ക് രണ്ടാം പാദത്തിൽ വൻ ലാഭ വർധന

**കൊച്ചി** രാജ്യത്തെ പ്രമുഖ ബാങ്കിംഗ് ഇതര ധനകാര്യ കമ്പനിയായ ഇൻഡെൽമണി 202324 സാമ്പത്തിക വർഷത്തിന്റെ രണ്ടാം പാദത്തിൽ മികച്ച പ്രകടനത്തിലൂടെ 127.21 ശതമാനം ലാഭ വളർച്ച നേടിയതായി കമ്പനി എക്സിക്യൂട്ടീവ് ഡയറക്ടറും സിഇഒ യുമായ ഉമേഷ് മോഹനൻ പറഞ്ഞു.. മുൻവർഷം ഇതേ കാലയളവിൽ നേടിയ 8.32 കോടിയിൽ നിന്ന് ലാഭം 18.91 കോടിയായാണ് ഉയർന്നത്. വരുമാനത്തിലും വൻ വളർച്ച രേഖപ്പെടുത്തി മുൻവർഷം ഇതേ പാദത്തിലെ 47.81 കോടിയേക്കാൾ 61.09 ശതമാനം വർധിച്ച് വരുമാനം 77.03 കോടി രൂപയായി ഉയർന്നിട്ടുണ്ട്.

വർഷത്തിന്റെ ആദ്യ പകുതിയിൽ 568.86 ശതമാനം ലാഭ വളർച്ച നേടി. കൈകാര്യം ചെയ്യുന്ന ആസ്തികളിലും വൻ വർധന രേഖപ്പെടുത്തി. മുൻവർഷത്തിന്റെ ആദ്യ പകുതിയിൽ 5.86 കോടി രൂപയായിരുന്ന ലാഭം 39.17 കോടിയായി ഉയർന്നു. 1800 കോടി രൂപയുടെ വായ്പകളാണ് വിതരണം ചെയ്തത്. വായ്പാ വിതരണത്തിൽ 70 ശതമാനം വളർച്ച രേഖപ്പെടുത്തി. കമ്പനി പുറത്തിറക്കിയ എൻസിഡി കടപ്പത്രങ്ങളുടെ മൂന്നാം ഘട്ടം 188 ശതമാനം സബ്സ്ക്രൈബ് ചെയ്യപ്പെട്ടു. മുൻ പാദത്തെയപേക്ഷിച്ച് വൻ വളർച്ചയോടെ രണ്ടാം പാദത്തിൽ 1363 കോടി രൂപയുടെ ആസ്തിയാണ് കമ്പനി കൈകാര്യം ചെയ്തത്. 2024 സാമ്പത്തിക വർഷത്തിന്റെ ആദ്യ പകുതിയിൽ 39.17 കോടി രൂപയുടെ ലാഭം നേടാൻ കഴിഞ്ഞത് വിപണിയിലെ മാറുന്ന ബലതന്ത്രം മനസിലാക്കി പുതിയ മേഖലകളിലേക്കു ബിസിനസ് വ്യാപിപ്പിക്കാൻ കഴിഞ്ഞതു കൊണ്ടാണെന്നും ഉമേഷ് മോഹനൻ പറഞ്ഞു.

## റോബോട്ടിക് ശസ്ത്രക്രിയയിലൂടെ മുഴകളടങ്ങിയ ഗർഭപാത്രം നീക്കം ചെയ്തു

**കൊച്ചി:** റോബോട്ടിക് ശസ്ത്രക്രിയയിലൂടെ 34 ആഴ്ചയോളം വളർച്ച ഉണ്ടായിരുന്ന മുഴകളടങ്ങിയ ഗർഭപാത്രം നീക്കം ചെയ്തു. അങ്കമാലി അപ്പോളോ അഡ്ലക്സ് ആശുപത്രിയിൽ മിനമിലി ഇൻവസീവ് ഗൈനെക്കോളജിയിലെ സീനിയർ കൺസൾട്ടന്റും റോബോട്ടിക് സർജനുമായ ഡോ. ഊർമിള സോമന്റെ നേതൃത്വത്തിലാണ കൂർഗ് സ്വദേശിയയായ സിസ്സി സാം ന്റെ 1.940 കിലോഗ്രാം ഭാരമുണ്ടായിരുന്ന മുഴകളടങ്ങിയ ഗർഭപാത്രം വിജയകരമായി നീക്കം ചെയ്തത്.

34 ആഴ്ച വളർച്ചയുള്ള ഗർഭപാത്രത്തിന് റോബോട്ടിക് ശസ്ത്രക്രിയ നടത്തുക ആവശ്യമായിരുന്നെങ്കിലും വെല്ലുവിളി നിറഞ്ഞതായിരുന്നുവെന്ന് ഡോ. ഉർമിള സോമൻ പറഞ്ഞു. പരമ്പരാഗത ശസ്ത്രക്രിയ രീതിയിലൂടെയുണ്ടാകുന്ന അമിത രക്തനഷ്ടം ഒഴിവാക്കാൻ സാധിക്കുമെന്നതോടൊപ്പം തന്നെ താരതമ്യേന വേദനഇല്ലായ്മയും ചെറിയ മുറിപാടുമാണ് റോബിട്ടിക് ശസ്ത്രക്രിയയുടെ സവിശേഷതകൾ. ഗൈനെക്കോളജി വിഭാഗത്തിൽ ഈ നൂതന സാങ്കേതിക വിദ്യകൾ ഉപയോഗിച്ചുകൊണ്ട് ആരോഗ്യരംഗത്ത് പുതിയ സാധ്യതകൾ സൃഷ്ടിക്കാൻ കഴിയുമെന്നും ഡോ. ഉർമിള സോമൻ കൂട്ടിച്ചേർത്തു.കേരളത്തിന്റെ ആരോഗ്യരംഗത്തെ ഗണ്യമായ പുരോഗതിയെ അടയാളപ്പെടുത്തുന്നതാണ് ഇത്രയും ഭാരക്കൂടുതൽ ഉള്ള മുഴകളടങ്ങിയ ഗർഭപാത്രം റോബോട്ടിക് ശസ്ത്രക്രിയയിലൂടെ നീക്കം ചെയ്തതെന്ന് അപ്പോളോ അഡ്ലക്സ് ആശുപത്രി സിഇഒ സുദർശൻ ബി പറഞ്ഞു.

# സമ്പൂർണ്ണ ഇലക്ട്രിക് വാഹന നിർമ്മാണത്തിലേക്ക് നിസാൻ

**കൊച്ചി:** സീറോ എമിഷൻ ഭാവി ലക്ഷ്യമിട്ട് സമ്പൂർണ്ണ ഇലക്ട്രിക് വാഹന നിർമ്മോണത്തിലേക്ക് നിസാൻ. യുകെ യിലെ പ്ലാന്റിൽ നിർമ്മിക്കുന്ന പുതിയ മൂന്നു മോഡൽ കാറുകളും 100% ഇലക്ട്രിക് ആയിരിക്കുമെന്ന് നിസാൻ പ്രഖ്യാപിച്ചു. ക്രോസ്സ് ഓവർ മോഡലുകളായ ക്വാഷ്കായ്, ജൂക് എന്നിവയ്ക്കുപുറമെ നിർമ്മാണത്തിലിരിക്കുന്ന ലീഫ് എന്നിവയും ഹൈപ്പർ അർബൻ, ഹൈപ്പർ പങ്ക്, ചിൽ ഔട്ട് കൺസെപ്റ്റുകളിൽ അധിഷ്ഠിത ഭാവി മോഡലുകളും പൂർണ്ണമായും ഇലക്ട്രിക് ആകും.ഇലക്ട്രിക് വാഹനങ്ങളുടെയും ബാറ്ററികളുടെയും നിർമ്മാണവും മൂന്നു ജിഗാ ഫാക്ടറികളും ഉൾക്കൊള്ളുന്ന സണ്ടർലാന്റിലെ ഇവി36സീറോ ഹബിനു വേണ്ടി നിസാൻ മൂന്നു ബില്യൺ പൗണ്ട് നിക്ഷേപം നടത്തും. കാർബൺ ന്യൂട്രാലിറ്റി സാധ്യമാക്കാൻ നിർണായകമായതാണ് ഇലക്ട്രിക് വാഹന പദ്ധതിയെന്ന് നിസാൻ പ്രസിഡന്റും സിഇഒയുമായ മക്കോട്ടോ ഉച്ചിദാ പറഞ്ഞു. യൂറോപ്യൻ മോഡലുകളുടെ ഇലക്ട്രിക് വേർഷനുകളിൽ തുടങ്ങി പുതിയൊരു കാലഘട്ടത്തിനാണ് നിസാൻ ഒരുങ്ങുന്നത്.

# കേരള ഹോട്ടൽ ആന്റ് റസ്റ്റോറന്റ് അസോസിയേഷൻ എറണാകുളം ജില്ലാ സമ്മേളനവും കുടുംബസംഗമവും ഇന്ന്

**കൊച്ചി:** കേരള ഹോട്ടൽ ആന്റ് റസ്റ്റോറന്റ് അസോസിയേഷൻ എറണാകുളം ജില്ലാ സമ്മേളനവും കുടുംബസംഗമവും ഇന്ന് എറണാകുളം ടൗൺഹാളിൽ നടക്കും. രാവിലെ നടക്കുന്ന പ്രതിനിധി സമ്മേളനം ടി. ജെ. വിനോദ് എം.എൽ.എ. ഉദ്ഘാടനം ചെയ്യും. ഉച്ചക്ക് 2 മണിക്ക് നടക്കുന്ന ഭക്ഷ്യസുരക്ഷാ സെമിനാറിൽ കോട്ടയം മെഡിക്കൽ കോളേജ് അസിസ്റ്റന്റ് പ്രൊഫസർ ഡോ. അനുപലൂക്കാസ്, മൃഗസംരക്ഷണവകുപ്പ് സീനിയർ സർജൻ ഡോ. റാണാരാജ് എന്നിവർ ക്ലാസുകൾ നയിക്കും. വൈകിട്ട് 4ന് നടക്കുന്ന പൊതുസമ്മേളനവും, കുടുംബസംഗമവും സിനിമാതാരം ദിലീപ് ഉദ്ഘാടനം ചെയ്യും. കെ.എച്ച്.ആർ.എ. സ്വരലയ കലാസമിതിയുടെ ഉദ്ഘാടനം സംസ്ഥാനപ്രസിഡന്റ് ജി. ജയപാൽ നിർവഹിക്കും. സംസ്ഥാന, ജില്ലാ ഭാരവാഹികളും പ്രവർത്തകരും പങ്കെടുക്കുന്ന ജില്ലാസമ്മേളനത്തിൽ വിവിധ ചാരിറ്റി പ്രവർത്തനങ്ങളും, ബിസിനസ് എക്സലൻസ് പുരസ്കാര വിതരണവും നടക്കുന്നതാണെന്നും ജില്ലാപ്രസിഡന്റ് ടി. ജെ. മനോഹരനും, ജില്ലാ സെക്രട്ടറി കെ. ടി. റഹീമും അറിയിച്ചു.

# കുസാറ്റ് ദുരന്തം:മനുഷ്യാവകാശ കമ്മീഷൻകേസെടുത്തു

**കൊച്ചി:** കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാലയിൽ തിക്കിലും തിരക്കിലും പെട്ട് നാലു പേർ മരിക്കാനിടയായ സാഹചര്യം

വിശദമായി പരിശോധിച്ച് രണ്ടാഴ്ചക്കം അടിയന്തര റിപ്പോർട്ട് ഫയൽ ചെയ്യണമെന്ന് മനുഷ്യാവകാശ കമ്മീഷൻ. സംഭവത്തിൽ കമ്മീഷൻ കേസെടുത്തു. സുരക്ഷാ വീഴ്ച അടക്കം പരിശോധിക്കണം.ആലുവ റൂറൽ എസ്.പിക്കും കൊച്ചി സർവകലാശാലാ രജിസ്ട്രാർക്കുമാണ് കമ്മീഷൻ അംഗം വി കെ ബീനാകുമാരി നോട്ടീസയച്ചത്.സർവകലാശാലയിലെ സുരക്ഷാ വീഴ്ച ആരോപിച്ച് സമർപ്പിച്ച പരാതിയിലാണ് നടപടി. ഒറ്റ വാതിൽ മാത്രമാണ് ഹാളിനകത്തേക്ക് കയറാൻ ഉണ്ടായിരുന്നത്. 2500 പേർ ഉൾക്കൊള്ളുന്ന ഓഡിറ്റോറിയത്തിൽ ഒരു വാതിൽ മാത്രം ഉണ്ടായത് പിഴവാണ്. പോലീസിന്റെ സുരക്ഷ ഉണ്ടായിരുന്നില്ല. ഭാവിയിൽ സമാനമായ സംഭവങ്ങൾ ഉണ്ടാകാതിരിക്കാൻ മുൻകരുതലുകൾ സ്വീകരിക്കണമെന്നും മനുഷ്യാവകാശ പ്രവർത്തകൻ ഗിന്നസ് മാടസാമി ആവശ്യപ്പെട്ടു.

# നാഗേഷ് ട്രോഫി ക്രിക്കറ്റ്: ഗ്രൂപ്പ് മത്സരങ്ങൾ കൊച്ചിയിലും

**കൊച്ചി:** കാഴ്ച പരിമിതരുടെ അന്തർ സംസ്ഥാന ക്രിക്കറ്റ് ടൂർണമെന്റായ നാഗേഷ് ട്രോഫി ദേശീയ ബ്ലൈൻഡ് ക്രിക്കറ്റ് ടൂർണമെന്റ് ആറാം പതിപ്പിന്റെ ഗ്രൂപ്പ് മത്സരങ്ങൾക്കു കൊച്ചി വേദിയാകും. അഞ്ചു സംസ്ഥാനങ്ങൾ ഉൾപ്പെടുന്ന ഗ്രൂപ്പ് സി മത്സരങ്ങൾ തൃപ്പൂണിത്തുറ പാലസ് ഓവൽ ഗ്രൗണ്ടിലാണ് നടക്കുന്നത്. അടുത്ത മാസം 18 മുതൽ 22 വരെയാണ് സി ഗ്രൂപ്പ് മത്സരങ്ങൾ.ആതിഥേയരായ കേരളത്തിനു പുറമെ ബിഹാർ, ഝാർക്കണ്ഡ്, ഒഡിഷ, ഉത്തർപ്രദേശ് ടീമുകളാണ് സി ഗ്രൂപ്പ് മത്സരങ്ങളിൽ പങ്കെടുക്കുന്നത്.28 ടീമുകൾ മത്സരിക്കുന്ന ടൂർണമെന്റിന്റെ ഗ്രൂപ്പ് മത്സരങ്ങൾ ആറു വേദികളിലായാണ് നടക്കുന്നത്. കൊച്ചിക്കു പുറമെ ജമ്മു, ഡെഹ്റാഡൂൺ, ചാണ്ടിഗഢ്, കോട്ട, അഗർത്തല എന്നിവയാണ് മറ്റു വേദികളെന്ന് നാഗേഷ് ട്രോഫി ചെയർമാൻ യോഗേഷ് തനേജ അറിയിച്ചു. സൂപ്പർ 8 മത്സരങ്ങൾ ജനുവരിയിൽ നാഗ്പൂരിൽ നടക്കും. നാഗേഷ് ട്രോഫ്യ്ക്ക് വേണ്ടിയുള്ള കേരളം ടീമിനെ വൈകാതെ പ്രഖ്യാപിക്കുമെന്ന് സി എ ബി കെ ജനറൽ സെക്രട്ടറി രജനീഷ് ഹെൻറി അറിയിച്ചു.

# പാചക പ്രേമികൾക്കായി അപ്ന ഫുഡ് ബിസിനസ് അവതരിപ്പിച്ച് മാഗി

**കൊച്ചി:** രാജ്യത്തുടനീളം വളർന്നു വരുന്ന ഭക്ഷ്യ സംരംഭകരെ പ്രോത്സാഹിപ്പിക്കുന്നതിനായി മാഗി അപ്ന ഫുഡ് ബിസിനസ് എന്ന പുതിയ പദ്ധതിയുമായി മാഗി. പാചക സംബന്ധമായ കണ്ടന്റുകൾ സൃഷ്ടിക്കുന്നതിനുള്ള വൈദഗ്ധ്യവും അറിവും ഉപയോഗിച്ച് ഫുഡ് കണ്ടന്റ് ക്രിയേറ്റേഴ്സിനെ ശാക്തീകരിക്കുക എന്നതാണ് ഈ പദ്ധതിയിലൂടെ മാഗി ലക്ഷ്യമിടുന്നതെന്ന് കമ്പനി അധികൃതർ വ്യക്തമാക്കി.




ഇതോടൊപ്പം, പുതിയ ഓൺലൈൻ ഫുഡ് ചാനൽ തുടങ്ങുന്നതിനുള്ള 5 ലക്ഷം രൂപയുടെ ധനസഹായം നേടാനുള്ള അവസരവും വിജയികൾക്കായി മാഗി ഒരുക്കുന്നുണ്ട്.ഇന്ത്യയിലെ വളർന്നു വരുന്ന പാചക വിദഗ്ദ്ധരുടെ വിശ്വാസ്യത വളർത്തിയെടുക്കാൻ കഴിഞ്ഞ നാല് പതിറ്റാണ്ടുകളായി മാഗിക്ക് സാധിച്ചിട്ടുണ്ട്. മാഗി ഉൽപ്പന്നങ്ങൾ ഉപയോഗിച്ച് ദശലക്ഷക്കണക്കിന് വീട്ടമ്മമാരും ഭക്ഷണപ്രിയരും ഓരോ ദിവസവും രുചിയേറും വിഭവങ്ങൾ തയാറാക്കി ആളുകളെ സന്തോഷിപ്പിക്കുന്നു. മാഗി അപ്ന ഫുഡ് ബിസിനസ് എന്ന പ്ലാറ്റഫോമിലൂടെ ആളുകൾക്ക് നൂതനമായ രീതിയിൽ അവരുടെ പാചക മികവിനെ വളർത്തിയെടുക്കുവാനും മികച്ച ഫുഡ് കണ്ടെന്റുകൾ സൃഷ്ടിക്കുവാനും സാധിക്കും. മികച്ച ഫുഡ് കണ്ടെന്റുകൾ സൃഷ്ടിക്കുന്നതിനാവശ്യമായ എല്ലാ ഉപകരണങ്ങളും മാർഗ്ഗനിർദേശങ്ങളും അടങ്ങിയ സ്റ്റാർട്ടർ കിറ്റുകൾ ഓരോ രജിസ്ട്രേഷനിലും ലഭ്യമാണ്. വർഷങ്ങളായി പാചക കലയുടെ ശാക്തീകരണത്തിന്റെയും നവീകരണത്തിന്റെയും ആഘോഷത്തിന്റെയും പ്രതീകമായി പരിണമിച്ച മാഗിയുടെ മാഗി അപ്ന ഫുഡ് ബിസിനസ് പാചകസ്നേഹികളെ പ്രോത്സാഹിപ്പിച്ചുകൊണ്ടു അവരുടെ പ്രതിബദ്ധതയെ സൂചിപ്പിക്കുന്നു. രാജ്യത്ത് നിരവധി പാചക വിദഗ്ധർ കണ്ടന്റ് ക്രീയേഷൻ മേഖലയിലേക്ക് വരാൻ ആഗ്രഹിക്കുന്നുണ്ട്. ഇത്തരം ആളുകൾക്ക് സ്വന്തമായി ഓൺലൈൻ ഫുഡ് ചാനൽ ആരംഭിക്കുന്നതിന് ആവശ്യമായ നിർദേശം അടിസ്ഥാന സൗകര്യം എന്നിവ നൽകുന്നതിനും അവരുടെ സ്വപ്നങ്ങൾ യാഥാർഥ്യമാക്കുന്നതുമാണ് മാഗി അപ്ന ഫുഡ് ബിസിനസ് എന്ന പദ്ധതി.മാഗി അപ്നാ ഫുഡ് ബിസിനസ്സ് പദ്ധതിയുടെ ഭാഗമാവാൻ ആഗ്രഹിക്കുന്ന ഫുഡ് കണ്ടന്റ് ക്രിയേറ്റർമാർക്ക് +91 9289722997 എന്ന നമ്പറിലേക്ക് മിസ്ഡ് കോൾ വഴി രജിസ്റ്റർ ചെയ്യാവുന്നതാണ്. പങ്കെടുക്കുന്നവർക്ക് ഇംഗ്ലീഷ്, ഹിന്ദി, മറാത്തി, കന്നഡ, തെലുങ്ക് എന്നീ ഭാഷയിൽ രജിസ്റ്റർ ചെയ്ത് വിഷയം തിരഞ്ഞെടുക്കാവുന്നതാണ്. ആദ്യ പതിപ്പ് പോലെ പാചക പ്രേമികൾക്ക് അവരുടെ പാഷനെ കൂടുതൽ മുന്നോട്ട് കൊണ്ടുപോകുന്നതിനും മികച്ച കണ്ടന്റുകൾ സൃഷ്ടിക്കുവാനും രാജ്യത്തുടനീളമുള്ള പ്രേക്ഷകരുമായി ബന്ധപ്പെടാനും സഹായിക്കുന്ന ഘട്ടം ഘട്ടമായുള്ള മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നു.കൂടുതൽ വിവരങ്ങൾക്കായി മായereen.shah@in.nestle.com, amitkumar.roy@in.nestle.com എന്ന ഇ മെയിൽ വഴിയോ +91 9717022731, +91 8447737626 എന്ന നമ്പറിലേക്കോ ബന്ധപ്പെടാവുന്നതാണെന്നും കമ്പനി അധികൃതർ വ്യക്തമാക്കി.

# ഫാബ് അക്കാദമി 2024 അഡ്മിഷൻ ആരംഭിച്ചു

## കൊച്ചിയിലെ സൂപ്പർ ഫാബ് ലാബിലും കോഴ്സ് പഠിക്കാം

**കൊച്ചി:** ഗ്ലോബൽ ഫാബ് ഫൗണ്ടേഷൻറെ ആഭിമുഖ്യത്തിൽ ലോകമാകമാനമുള്ള തിരഞ്ഞെടുക്കപ്പെട്ട ഫാബ് ലാബുകളിൽ നടത്തി വരുന്ന ഫാബ് അക്കാദമി കോഴ്സിൻറെ 2024 ബാച്ചിലേക്കുള്ള അഡ്മിഷൻ ആരംഭിച്ചിരിക്കുന്നു. കൊച്ചിയിൽ കേരള സ്റ്റാർട്ടപ്പ് മിഷൻറെ കീഴിൽ പ്രവർത്തിക്കുന്ന സൂപ്പർ ഫാബ്ലാബിലും ഫാബ് അക്കാദമി കോഴ്സ് പഠിക്കാവുന്നതാണ്.മുൻ വർഷങ്ങളിൽ നിന്ന് വ്യത്യസ്തമായി ഇത്തവണ തിരഞ്ഞെടുക്കപ്പെടുന്ന അഞ്ച് വനിതാ ഉദ്യോഗാർത്ഥികൾക്ക് 95 ശതമാനം സ്കോളർഷിപ്പ് ലഭിക്കും. അടിസ്ഥാന ഇംഗ്ലീഷ് ഭാഷ പരിജ്ഞാനവും, കമ്പ്യൂട്ടർ പരിജ്ഞാനവും, ശാസ്ത്ര സാങ്കേതിക വിഷയങ്ങളിലും , എഞ്ചിനീയറിംഗിലും , ഗണിത ശാസ്ത്രത്തിലും അടിസ്ഥാനപരമായ അറിവുള്ളവർക്കും ഡിജിറ്റൽ ഡിസൈൻ, പ്രോഡക്റ്റ് ഡിസൈൻ ആൻഡ് ഡെവലപ്മെൻറ് ,പ്രോട്ടോടൈപിംഗ് മുതലായ വിഷയങ്ങളിൽ അഭിരുചിയുള്ളവർക്കും ഈ കോഴ്സിന് ചേരാവുന്നതാണ് .എഞ്ചിനീയർമാർ , ആർക്കിടെക്ടുമാർ ഡിസൈനർമാർ, തുടങ്ങി ഡിജിറ്റൽ ഫാബ്രിക്കേഷനിലും പ്രോട്ടോടൈപ്പിംഗിലും താത്പര്യമുള്ള എല്ലാ ഉദ്യോഗാർഥികൾക്കും കോഴ്സിന് അപേക്ഷിക്കാം. അപേക്ഷകരിൽ നിന്നും അഭിമുഖ പരീക്ഷ വഴി തിരഞ്ഞെടുക്കപ്പെടുന്ന അഞ്ച് വിദ്യാർത്ഥികൾക്ക് കോഴ്സ് ഫീസിൻറെ 80 ശതമാനം വരെ സ്കോളർഷിപ് ലഭിക്കുന്നതാണെന്ന് ബന്ധപ്പെട്ട അധികൃതർ അറിയിച്ചു.

ഫാബ് അക്കാഡമിയുടെ ക്ലാസുകൾ പാഠപുസ്തകത്തിലെ അറിവിനെ പ്രയോഗിക തലത്തിൽ പ്രാവർത്തികമാക്കാൻ ഉതകുന്ന തരത്തിലാണ്. സാധാരണ കോഴ്സുകളിൽ നിന്നും വ്യത്യസ്തമായി വിദ്യാർഥികൾക്കു സ്വയം പ്രൊജെക്ടുകൾ തിരഞ്ഞെടുക്കാനും അവ വികസിപ്പിക്കാനുമുള്ള അവസരമാണ് ഫാബ് അക്കാദമി പ്രോഗ്രാം നൽകുന്നത് . ഈ ക്ലാസ്സിൽ വിദ്യാർഥികൾക്കു വേണ്ടുന്ന നിർദേശങ്ങൾ നൽകപ്പെടും, തുടർന്നുള്ള ദിവസങ്ങളിൽ സൂപ്പർ ഫാബിലാബ് കൊച്ചിയിലെ ഇൻസ്ട്രക്ടർമാരുടെ സഹായത്തോടെ വിദ്യാർഥികൾ സ്വയം തിരഞ്ഞെടുത്ത പ്രൊജെക്ടുകൾ ചെയ്യുന്ന രീതിയിലാണ് ഫാബ് അക്കാദമി കോഴ്സെന്നും അധികൃതർ വ്യക്തമാക്കി.ഓൺലൈൻ ആയി അപേക്ഷിക്കാൻ https://fabacademy.fablabkerala.in എന്ന വെബ്സൈറ്റ് സന്ദർശിക്കുക. കൂടുതൽ വിവരങ്ങൾക്ക് 9497336617 എന്ന നമ്പറിൽ ബന്ധപ്പെടാവുന്നതാണ്.

# ആസ്റ്റർ കിഡ്സ് ഏഴാമത് ആനുവൽ മൺസൂൺ സി.എം.ഇ സംഘടിപ്പിച്ചു

**കൊച്ചി:** നവജാത ശിശുക്കളെയും കുട്ടികളെയും ബാധിക്കുന്ന ആരോഗ്യപ്രശ്നങ്ങൾ ചർച്ച ചെയ്യുന്ന ആസ്റ്റർ കിഡ്സ് ആനുവൽ മൺസൂൺ സി.എം.ഇയുടെ ഏഴാം പതിപ്പ് സംഘടിപ്പിച്ചു. വിവിധ പീഡിയാട്രിക് ശസ്ത്രക്രിയകളുമായി ബന്ധപ്പെട്ട് ശിശുരോഗ വിദഗ്ധർക്ക് അറിവും നൈപുണ്യവും വർധിപ്പിക്കുന്നതിനുള്ള സമഗ്രമായ സെഷനുകൾ കൂടി ഉൾപ്പെടുത്തിയായിരുന്നു ഏകദിന ശിൽപശാല നടത്തിയത്. കൊച്ചി ആസ്റ്റർ മെഡ്സിറ്റിയിലെ ചൈൽഡ് ആൻഡ് അഡോളസന്റ് ഹെൽത്ത് എക്സലൻസ് സെന്ററും ഇന്ത്യൻ അക്കാദമി ഓഫ് പീഡിയാട്രിക്സിന്റെ (ഐ.എ.പി) കൊച്ചി ബ്രാഞ്ചും ചേർന്നായിരുന്നു കൊച്ചി ഐ.എം.എ ഹൗസിൽ നടന്ന പരിപാടി സംഘടിപ്പിച്ചത്. രാജ്യത്തെ തന്നെ പ്രഗൽഭരായ ശിശുരോഗ വിദഗ്ധരിൽ ഒരാളും ആസ്റ്റർ ചൈൽഡ് ആൻഡ് അഡോളസന്റ് ഹെൽത്ത് സെന്റർ ഓഫ് എക്സലൻസിന്റെ സ്ഥാപകരിൽ ഒരാളുമായിരുന്ന ഡോ. പി.സി അലക്സാണ്ടറുടെ സ്മരണാർത്ഥമായിരുന്നു ഇത്തവണത്തെ സി.എം.ഇ.നവജാതശിശുക്കളിൽ കാണുന്ന പച്ചകലർന്ന ഛർദ്ദി, കുട്ടികളിലെ മഞ്ഞപ്പിത്തം, ഹൈഡ്രോനെഫ്രോസിസ്, വിഭിന്ന ജനനേന്ദ്രിയ അവയവങ്ങൾ, എംപീമ തോറാസിസ്, വാക്സിനോളജിയിലെ പുതിയ കണ്ടുപിടിത്തങ്ങൾ, മാസ് അബ്ഡോമൻ തുടങ്ങിയ വിഷയങ്ങളിൽ ചർച്ചകൾ സംഘടിപ്പിച്ചിരുന്നു.




# എയർ ഇന്ത്യ എക്സ്പ്രസിന്റെ ക്രിസ്മസ് കംസ് എർലി സെയിൽ

**കൊച്ചി:** എയർ ഇന്ത്യ എക്സ്പ്രസ് ആഭ്യന്തര, അന്തർദ്ദേശീയ വിമാനടിക്കറ്റുകൾക്ക് 30 ശതമാനം വരെ ഇളവ് ലഭ്യമാക്കുന്ന ക്രിസ്മസ് കംസ് എർലി സെയിൽ പ്രഖ്യാപിച്ചു. 2023 ഡിസംബർ 2 മുതൽ 2024 മെയ് 30 വരെ നടത്തുന്ന യാത്രകൾക്കായി 2023 നവംബർ 30 വരെ നടത്തുന്ന ബുക്കിംഗുകൾക്കാണ് ഓഫർ ബാധകമാവുക. കൂടാതെ എയർലൈനിന്റെ മൊബൈൽ ആപ്പിലും വെബ്സൈറ്റായ airindiaexpress.comലും ലോഗിൻ ചെയ്ത് ടിക്കറ്റ് ബുക്ക് ചെയ്യുന്നവർക്ക് സൗജന്യ എക്സ്പ്രസ് എഹെഡ് സേവനങ്ങളും സീറോ കൺവീനിയൻസ് ഫീ സൗകര്യവും അധികമായി ലഭിക്കും.

ബെംഗളൂരുവിൽ നിന്ന് കൊച്ചി, കണ്ണൂർ, തിരുവനന്തപുരം, മംഗലാപുരം, തിരുച്ചിറപ്പള്ളി എന്നിവിടങ്ങളിലേക്കും ചെന്നൈതിരുവനന്തപുരം, കണ്ണൂർതിരുവനന്തപുരം തുടങ്ങിയ റൂട്ടുകളിലും എയർ ഇന്ത്യ എക്സ്പ്രസ് മികച്ച നിരക്കാണ് ലഭ്യമാക്കിയിരിക്കുന്നത്. ഹൈദരാബാദിനെ കൊച്ചി, ലഖ്നൗ, അമൃത്സർ എന്നിവയുമായി ബന്ധിപ്പിക്കുന്ന പുതിയ റൂട്ടുകളും എയർലൈൻ അടുത്തിടെ ആരംഭിച്ചിരുന്നു.ടാറ്റ ന്യൂപാസ് റിവാർഡ്സ് പ്രോഗ്രാമിലെ അംഗങ്ങൾക്ക് ഭക്ഷണം, സീറ്റുകൾ, ബാഗേജുകൾ, മാറ്റം, റദ്ദാക്കൽ ഫീസ് ഇളവുകൾ എന്നിവ പോലുള്ള എക്സ്ക്ലൂസീവ് മെമ്പർ ആനുകൂല്യങ്ങൾക്ക് പുറമേ 8 ശതമാനം വരെ ന്യൂകോയിൻസും ലഭിക്കും. ലോയൽറ്റി അംഗങ്ങൾക്ക് പുറമേ, വിദ്യാർത്ഥികൾ, മുതിർന്ന പൗരന്മാർ, ചെറുകിട ഇടത്തരം സംരംഭങ്ങൾ, ആശ്രിതർ, സായുധ സേനാംഗങ്ങൾ എന്നിവർക്കും airindiaexpress.comൽ പ്രത്യേക നിരക്കുകൾ ലഭിക്കും.29 ബോയിംഗ് 737, 28 എയർബസ് എ320 എന്നിവയുൾപ്പെടെ 57 വിമാനങ്ങളുള്ള എയർ ഇന്ത്യ എക്സ്പ്രസ് 30 ആഭ്യന്തര, 14 അന്താരാഷ്ട്ര ലക്ഷ്യ സ്ഥാനങ്ങളിലേക്കായി പ്രതിദിനം 300 ലധികം വിമാനസർവീസുകൾ നടത്തുന്നുണ്ട്. എയർ ഇന്ത്യ എക്സ്പ്രസ് അടുത്തിടെ നവീകരിച്ച ബ്രാൻഡ് ഐഡൻറിറ്റി അനാവരണം ചെയ്തിരുന്നു. വൈവിധ്യമാർന്ന ഗൊർമേർ ഭക്ഷണം, സുഖപ്രദമായ ഇരിപ്പിടങ്ങൾ, എയർഫ്ലിക്സ് ഇൻഫ്ലൈറ്റ് എക്സ്പീരിയൻസ് ഹബ്, എക്സ്ക്ലൂസീവ് ലോയൽറ്റി ആനുകൂല്യങ്ങൾ എന്നിവ എയർലൈൻ വാഗ്ദാനം ചെയ്യുന്നു.

# ഹാർദിക് പാണ്ഡ്യ വീണ്ടും മുംബൈ ഇന്ത്യൻസിലേക്ക്



**കൊച്ചി/ മുംബൈ:** ഇന്ത്യൻ ക്രിക്കറ്റ് താരം ഹാർദിക് പാണ്ഡ്യ, ഐപിഎൽ 2024 ന് മുംബൈ ഇന്ത്യൻസുമായി വീണ്ടും ഒന്നിക്കുന്നു.

ഹാർദിക്കിനെ തിരികെ മുംബൈ ഇന്ത്യൻസ് കുടുംബത്തിലേക്ക് സ്വാഗതം ചെയ്യുന്നതിൽ തങ്ങൾക്ക് അതിയായ സന്തോഷമുണ്ടെന്നും ഇത് ഹൃദയസ്പർശിയായ ഒരു ഒത്തുചേരലാണെന്നും നിത എം. അംബാനി പറഞ്ഞു. മുംബൈ ഇന്ത്യൻസിന്റെ യുവ സ്കൗട്ടഡ് പ്രതിഭയിൽ നിന്ന് ഹാർദിക് ഒരുപാട് മുന്നോട്ട് പോയി ഇപ്പോൾ ടീം ഇന്ത്യയുടെ താരമായി.ഹാർദിക്കിനെ മുംബൈ ഇന്ത്യൻസിൽ കാണുന്നത് എന്നെ വളരെയധികം സന്തോഷിപ്പിക്കുന്നു. ഹാർദിക് കളിക്കുന്ന ഏത് ടീമിനും മികച്ച ബാലൻസ് നൽകുന്നു.

എംഐ കുടുംബവുമായുള്ള ഹാർദിക്കിന്റെ ആദ്യ പങ്കാളിത്തം വൻ വിജയമായിരുന്നു, രണ്ടാം ഘട്ടത്തിൽ അദ്ദേഹം കൂടുതൽ വിജയം കൈവരിക്കുമെന്ന് ഞങ്ങൾ പ്രതീക്ഷിക്കുന്നുവെന്നും ഹാർദിക്കിന്റെ തിരിച്ചുവരവിനെക്കുറിച്ച് സംസാരിച്ച ആകാശ് അംബാനി പറഞ്ഞു, രോഹിത് ശർമ്മ, ജസ്പ്രീത് ബുംറ, സൂര്യകുമാർ യാദവ്, ഇഷാൻ കിഷൻ എന്നിവരോടൊപ്പം വീണ്ടും ചേരുന്ന ഹാർദിക് എംഐ യ്ക്ക് വേണ്ടി അദ്ദേഹം ആദ്യമായി ശ്രദ്ധേയനായി, തുടർന്ന് 2016 ൽ ഇന്ത്യയ്ക്കായി അരങ്ങേറ്റം കുറിച്ചു. 2015 മുതൽ 2021 വരെ ഐപിഎല്ലിൽ എംഐയുടെ നാല് വിജയങ്ങളിൽ ഇന്ത്യയുടെ പ്രീമിയർ ഓൾറൗണ്ടർ നിർണായക പങ്ക് വഹിച്ചു.

# ഭാഷ പഠനത്തിന് എ.ഐയും മെറ്റാവേഴ്സുമായി സൈബർപാർക്ക് കമ്പനി ഇലൂസിയ ലാബ്

**കോഴിക്കോട്:** ആർട്ടിഫിഷ്യൽ ഇന്റലിജിന്റെയും മെറ്റവേഴ്സിന്റെയും സാധ്യതകളെ ഭാഷ പഠനത്തിന് വ്യത്യസ്തമായി ഉൾപ്പെടുത്തി കോഴിക്കോട് ഗവൺമെന്റ് സൈബർപാർക്കിലെ ഇലൂസിയ ലാബ്. ഇംഗ്ലീഷ് അടക്കം ലോകത്തിലെ വ്യത്യസ്ത ഭാഷകളെ രസകരമായ രീതിയിൽ പഠിക്കുവാനും ഭാഷകളുടെ യഥാർത്ഥ ഉച്ചാരണം മനസ്സിലാക്കാൻ ഉതകുന്ന രീതിയിലുമാണ് ലോകത്തിലെ തന്നെ വേറിട്ടൊരു ഭാഷ പഠനരീതിക്ക് ഇലൂസിയാ ലാബ് നേതൃത്വം നൽകിയിരിക്കുന്നത്. സ്പോകെൺ ഇംഗ്ലീഷ് രംഗത്ത് കോഡുകളിലൂടെ പരിശീലനം നടത്തികൊണ്ടിരിക്കുന്ന സ്പീക്ക് ഈസി ട്രെയിനിങ് അക്കാദമിയുമായി സഹകരിച്ചുകൊണ്ടാണ് ഈ പരിശീലന പദ്ധതിക്ക് തുടക്കം കുറിച്ചിരിക്കുന്നത്. കോഴിക്കോട് ബിസിനസ് പാർക്കിലെ സ്പീക്ക് ഈസി അക്കാദമിയിൽ നവംബർ 25ന് നടന്ന പരിപാടിയിൽ സ്പീക്ക് ഈസി മാനേജിങ്ങ് ഡയറക്ടറും സി.ഇ.ഒയുമായ മക്സൂൽ നിസ്സാമി പ്രൊഡക്ട് അവതരിപ്പിച്ചു.ആദ്യത്തെ മെറ്റവേഴ്സ് ക്ലാസ് റൂമിന് നേതൃത്വം നൽകിയ ഇലൂസിയ ലാബിന്റെ വളർച്ചയുടെ മറ്റൊരു നാഴികകല്ലായണ് ഈ പുതിയ പരിശീലന പദ്ധതി. ജർമനിയിലെ മാർക്കറ്റിലൂടെ നടന്ന് ജർമൻ ഭാഷ പഠിക്കുവാനും അമേരിക്ക, ലണ്ടൻ പോലുള്ള രാജ്യങ്ങളിലെ



ഷോപ്പിംഗ് മാളുകളിലൂടെയും റെസ്റ്റോറന്റ്കളിലൂടെയും ചുറ്റിനടന്ന് അവിടുത്തെ ആളുകളോട് സംസാരിക്കാൻ സഹാകുന്ന രീതിയിലാണ് ഈ പരിശീലനം സജ്ജീകരിച്ചിരികുന്നത്.ആർട്ടിഫിഷ്യൽ ഇന്റലിജൻസ്, വെർച്ചൽ റിയാലിറ്റി, മെറ്റവേർസ് തുടങ്ങി വെർചൽ ഷോപ്പിംഗ് അനുഭവം ഒത്തുചേർന്നിട്ടുള്ള ലോകത്തിലെ തന്നെ ആദ്യത്തെയും ഏറ്റവും ഫലപ്രദവുമായ ഭാഷ പഠന രീതിയായിരിക്കും സാധ്യമാകുന്നതെന്ന് ഇലൂസുയ സ്ഥാപകനും സി.ഇ.ഒയുമായ നൗഫൽ .പി പറഞ്ഞു.എ.ഐയുടെയും മെറ്റവേഴ്സിന്റെയും കാലഘട്ടത്തിൽ നൂതന സാങ്കേതികവിദ്യയുടെ ഏറ്റവും നല്ല പരിശീലനം വിദ്യാർത്ഥികൾക്ക് നൽകുക എന്നതാണ് സ്പീക്ക് ഈസി ലക്ഷ്യമിടുന്നതെന്ന് മക്സൂൽ നിസാമി പറഞ്ഞു.

LiVa®
'Diamonds are forever'
MODULAR INTERIORS TOO!
www.livainteriors.com




THE EVERLASTING MODULAR INTERIORS
SUPERIOR QUALITY IMPORTED AND INDIGENOUS RAW MATERIALS ONLY ARE USED
UNRIVALLED GERMAN ROBOTIC TECHNOLOGY FOR MANUFACTURING
GUARANTEE FOR 15 LONG YEARS* NOBODY CAN OFFER
EVER GROWING DELIGHTED LIVA FAMILY MEMBERS
LiVa KITCHENS & INTERIORS
TRUSTED since 2007
15 YEAR GUARANTEE
100% GUARANTEED
ISO 9001 CERTIFIED
LOWEST HONEST PRICE
SOUTH INDIA'S MOST TRUSTED AND ADVANCED MODULAR INTERIOR MANUFACTURER
HEAD OFFICE & SHOW ROOM-KERALA
DOOR No.41/1065, RENJESHA BUILDING
OPPO. P.O.C, PADIVATTOM
ERNAKULAM-24
+91 9288022661/62
SHOWROOM-KARNATAKA
No.73, 80FT ROAD
NEAR HOYSALA CIRCLE
KENGERI SATELLITE TOWN
BANGALORE 560060
+91 9778685017/19
SHOWROOM-KERALA
OPPO. ROSY SCHOOL, CRYSTAL CENTRE
CHATHAPURAM, PALAKKAD, KERALA
FACTORY : KERALA
Kairady PO, Palakkad
+91 9288022663

RNI No:KERMAL/2018/76135 Society Today Magazine-Special Issue-Private circulation, Kochi-26, 0484-3512288 , Kerala.E-mail-societytodaynews@gmail.com